# മലയാളമച്ചടിയിൽ ഏ, ഓ ലിപികളുടെയും ഉപലിപികളുടെയും ഉൽപ്പത്തി

**ഷിജു അലക്സ്, സിബു സി.ജെ., സുനിൽ വി.എസ്.**

## ഉദ്ദേശ്യം

**ദീ**ർഘ എകാര ഒകാരങ്ങളുടെ ലിപിരൂപങ്ങൾ മലയാളത്തിന്റെ എഴുത്തിലും അച്ചടിയിലും കടന്നു വന്നത് സമീപകാലത്ത് ആണെന്ന സാമാന്യ ധാരണ ഇപ്പോൾ പണ്ഡിത സമൂഹത്തിനുണ്ട്. എന്നാൽ ഇത് കൃത്യമായി എന്ന്, എവിടെ ആവിർഭവിച്ചതാണെന്നും ഇതിന് പുറകിൽ പ്രവർത്തിച്ച വ്യക്തികൾ ആരൊക്കെയാണെന്നും വ്യക്തമായ ധാരണ ഇതുവരെ ആയിട്ടില്ല. ഈ കാര്യങ്ങളിൽ മലയാള ലിപിപരിണാമ ചരിത്രത്തിന് അല്പംകൂടി വ്യക്തത വരുത്തുകയാണ് ഈ പ്രബന്ധത്തിന്റെ ഉദ്ദേശ്യം.

**കുറിപ്പ്:** ഭാഷാശാസ്ത്രത്തിൽ ഉപയോഗിക്കുന്ന ലേഖിമം (grapheme), ഉപലേഖം (diacritic) എന്നീ സാങ്കേതിക സംജ്ഞകൾക്കു പകരമായി യഥാക്രമം ലിപി, ഉപലിപി എന്നിവയാണ് ഈ പ്രബന്ധത്തിൽ ഉപയോഗിച്ചിരിക്കുന്നത്. അതായത് എ, ഏ, ഒ, ഓ എന്നീ സ്വതന്ത്ര സ്വരാക്ഷര രൂപങ്ങൾക്കായി ലിപികൾ എന്ന സംജ്ഞയും, അവ വ്യഞ്ജനങ്ങളോടു ചേർന്ന് ഉണ്ടാകുന്ന അക്ഷരങ്ങളിൽ (orthographic syllables) ഈ സ്വരങ്ങളെ സൂചിപ്പിക്കുന്ന ചിഹ്നങ്ങൾക്കായി (െ , േ , ൊ, ോ) ഉപലിപികൾ എന്ന സംജ്ഞയും ഉപയോഗിച്ചിരിക്കുന്നു.

## ആമുഖം

മറ്റു ദ്രാവിഡ ഭാഷകളിലേപോലെ മലയാളത്തിലും അഞ്ച് സ്വരങ്ങളുടെ ഹ്രസ്വ, ദീർഘ രൂപങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഇവ എല്ലാ സന്ദർഭങ്ങളിലും വ്യത്യാസം പ്രദർശിപ്പിക്കുന്നു. അതിനാൽ ഇവക്ക് ഓരോന്നിനും വ്യത്യസ്ത ലിപിചിഹ്നങ്ങൾ ആവശ്യമാണ്. എന്നാൽ, എഴുത്തിലും ആദ്യകാല അച്ചടിയിലും ഹ്രസ്വവും ദീർഘവുമായ എകാരങ്ങളെയും ഒകാരങ്ങളെയും വേർതിരിച്ച് കാണിക്കുന്ന രീതി മലയാളത്തിൽ ഇല്ലായിരുന്നു. എഴുതുമ്പോൾ ഇവയുടെ ഹ്രസ്വരൂപം മാത്രം ഉപയോഗിക്കുകയും, സന്ദർഭമനുസരിച്ച് വായനക്കാർ അതിനെ ഹ്രസ്വസ്വരമായോ ദീർഘസ്വരമായോ വായിക്കുകയും ചെയ്യുന്നതായിരുന്നു പതിവ്. അപൂർവ്വമായി 'ഏ', 'ഓ' ലിപികൾ ചില സ്ഥലങ്ങളിൽ ഉപയോഗിച്ചതായി കാണുന്നുവെങ്കിലും അവയുടെ ഉപലിപികൾ 1841–ന് മുമ്പുള്ള മലയാളമെഴുത്തിലും അച്ചടിയിലും കാണുന്നില്ല. അതുകൊണ്ട് 1841, ഇക്കാര്യത്തിൽ വഴിത്തിരിവുണ്ടാക്കിയ ഒരു സുപ്രധാന വർഷമാണ്.

കഴിഞ്ഞ രണ്ട്-മൂന്ന് നൂറ്റാണ്ടുകൾക്ക് മുമ്പുവരെ മലയാളമെഴുതാൻ ഉപയോഗിച്ചിരുന്ന വട്ടെഴുത്ത് ലിപിമാലയിലെ ഏ-ഓ ലിപികൾക്ക് ഹ്രസ്വ-ദീർഘ ഭേദങ്ങൾ കാണാനാകും.



ഗുണ്ടർട്ടിന്റെ *മലയാളഭാഷാ വ്യാകരണം* പ്രകാരം, മലയാളത്തിലും (ആയ്യ്) കോലെഴുത്തിലും (ചൊ) വട്ടെഴുത്തിലും (വട്ട) 'ഏ', 'ഓ' എന്നീ ദീർഘങ്ങൾ എഴുതാനുപയോഗിച്ചിരുന്ന ലിപികൾ (ഗുണ്ടർട്ട് 1851, 2)

*മലയാളഭാഷാ വ്യാകരണത്തിലെ* (ഗുണ്ടർട്ട് 1851) ഉദാഹരണങ്ങൾ നോക്കിയാൽ വട്ടെഴുത്തിൽ 'ഏ', 'ഓ' എന്നിവക്ക് പ്രത്യേകം ലിപികൾ നൽകിയിട്ടുണ്ടെങ്കിലും അവയ്ക്ക് പ്രത്യേകം ഉപലിപികൾ നൽകിയിട്ടില്ല എന്നത് ശ്രദ്ധിക്കേണ്ടതാണ്.



*മലയാളഭാഷാ വ്യാകരണത്തിൽ* 'ഏ', 'ഓ' ഉപലിപികൾ ഉള്ള വട്ടെഴുത്ത് ഉദാഹരണങ്ങൾ കൊടുത്തിട്ടില്ല (ഗുണ്ടർട്ട് 1851,3)

വട്ടെഴുത്തിൽ, പ്രത്യേകിച്ച് കോലെഴുത്തിൽ, ലിപികളുടെ രൂപം പലപ്പോഴും അവയുടെ കാലഘട്ടത്തിനും പ്രദേശത്തിനനുസരിച്ചും മാറുന്നു (രവിവർമ്മ1971, 1).




വട്ടെഴുത്തിലെ എ/ഏ, ഒ/ഓ എന്നീ ലിപികളുടെ രൂപവ്യത്യാസങ്ങൾ (രവിവർമ്മ 1971, 1)

ഗുണ്ടർട്ട് എഴുതിയതിൽനിന്നും വ്യത്യസ്തമായ രൂപമാണ് 1146–ലെ മലബാറിൽ നിന്നുള്ള ചെമ്പുപട്ടയത്തിലെ വട്ടെഴുത്തിലുള്ള ഏകാര ലിപിക്ക്. എന്നിരുന്നാലും അതിന്റെ രൂപം എകാര ലിപിയിൽനിന്ന് വേർതിരിച്ച് കാണിച്ചിരിക്കുന്നു. വട്ടെഴുത്തിലെ എകാര ലിപി രൂപമാണ് ഒടുവിൽ മലയാളത്തിൽ നിവർന്നിരുന്ന് 'േ' ഉപലിപി ആയി ലഭിച്ചത് എന്നത് രസകരമാണ്.



'എഴുനൂറ്റേഴ്' എന്നെഴുതിയതിൽ 'എ', 'ഏ' ലിപികൾ തമ്മിലുള്ള വ്യത്യാസം ശ്രദ്ധിക്കുക (രവിവർമ്മ 1971, 26)

**പൊതുവെയുള്ള ധാരണകൾ**

സംസ്കൃതം എഴുതാനുപയോഗിച്ചിരുന്ന മലയാള ലിപിമാലയിലെ എ, ഒ എന്നീ ലിപികൾക്ക് ഹ്രസ്വ–ദീർഘ ഭേദമില്ലായിരുന്നു എന്നും, ഈ ലിപികളെ ഹ്രസ്വസ്വരങ്ങൾക്ക് മാത്രമായി മാറ്റിവെച്ച് ദീർഘസ്വരങ്ങൾക്ക് പുതിയ ലിപിരൂപങ്ങൾ നൽകിയത് അടുത്ത കാലത്താണെന്നുമുള്ള പൊതുധാരണ പണ്ഡിതരുടെ ഇടയിൽ ഉണ്ട്.

അക്കാദമിക്ക് സമൂഹത്തിലും പൊതുസമൂഹത്തിലും ഉള്ളവർ ഈ വിഷയത്തെ പറ്റി തങ്ങൾക്കുള്ള അഭിപ്രായം വിവിധ ഇടങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. അതിന്റെ ചില ഉദാഹരണങ്ങൾ താഴെ:

> The distinction between ĕ and ē, and ŏ and ō was first made within the last thirty years by Dr. Gundert. (Burnell 1874, 35)

"ആധുനിക മലയാളത്തിൽ എ, ഏ; ഒ, ഓ എന്നീ ഹ്രസ്വദീർഘസ്വരങ്ങളെ കുറിക്കുന്ന പ്രത്യേക രൂപങ്ങളും അരയുകാരവും മറ്റും നൂതനോല്പന്നങ്ങളും ഉദ്ദേശം അമ്പത് കൊല്ലങ്ങൾക്കുമുമ്പ് അജ്ഞാതങ്ങളും ആയിരുന്നു" എന്ന് എൽ.എ. രവിവർമ്മ പറയുന്നു. (1938, vii)

മലയാളത്തിലെ ലക്ഷണമൊത്ത ആദ്യത്തെ നോവൽ എന്ന് കേൾവികേട്ട, 1889–ൽ പുറത്തിറക്കിയ, *ഇന്ദുലേഖയിൽ* 'ഏ', 'ഓ' ലിപികളോ ഉപലിപികളോ ഉപയോഗിച്ചിട്ടില്ലാത്തതിനാൽ അക്കാല

ത്ത് ഈ ലിപികൾ ഇല്ല എന്ന് മറ്റു ചിലർ അനുമാനിക്കുന്നു. (തോമസ് ജേക്കബ്, 2019). 'ഏ', 'ഓ' എന്നീ സ്വര ലിപികൾ പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ മാത്രം ഉടലെടുത്തതാണെന്ന് കരുതുന്നവരും ഉണ്ട്. (Andronov 1996, 19 )

## 'ഏ', 'ഓ' ലിപികൾ, 1841–ന് മുമ്പ്

'ഏ', 'ഓ' ലിപികൾ കുറഞ്ഞത് പതിനെട്ടാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ, അത്ര വ്യാപകമായി അല്ലെങ്കിലും, ചിലരെങ്കിലും ഉപയോഗിച്ചിരുന്നു എന്നാണ് തെളിവുകൾ കാണിക്കുന്നത്. ഇതിനുള്ള ലിപികൾ 1841–ന് മുമ്പ് ഉണ്ടായിരുന്നു എന്നതിന് അച്ചടി തെളിവുകൾ തന്നെ ലഭ്യമാണ്.

### റോമിലെ അച്ചടിയിൽ (1772)

ക്ലെമന്റ് പാതിരിയുടെ 1772–ലെ *ആൽഫബെത്തും ഗ്രന്ഥോണിക്കോ മലബാറിക്കത്തിൽ* 'ഏ', 'ഓ' ലിപികൾ ചിലപ്പോഴെങ്കിലും ഉപയോഗിക്കപ്പെടുന്നുണ്ട് (ആട്ടേൽ 2002. പേജ് 67). ഇപ്പോൾ ഉപയോഗിക്കുന്ന രൂപത്തിലുള്ള 'ഏ', 'ഓ' ലിപികൾക്ക് പുറമേ, 'ഒ' ലിപിയുടെ ഇടതുവശത്തെ ലൂപ്പിൽ കുനിപ്പിടുന്ന രീതിയിലുള്ള ലിപിയും കൈയെഴുത്തിൽ ഉപയോഗിക്കുന്നതായി ഇതിൽ പറയുന്നുണ്ട് (Peani 1772, 24).


ഒപ്പുകൾ eppughcl iuncturae corporis; hanc quoque notam ാ addunt ൊ o ſcri-
bendo ൊാ, nempe o longa. Melius alii vocalem o longam hoc modo pingunt ഓ, unde ഓട óda tegula. Hic ſcribendi

*ആൽഫബെത്തും ഗ്രന്ഥോണിക്കോ മലബാറിക്കത്തിലെ* 'ഏ', 'ഓ' ലിപികൾ (Peani 1772, 24)

എന്നാൽ ഇത്തരത്തിലുള്ള 'ഓ' ലിപി, മലയാളത്തിനായി മറ്റെവിടെയും ഉപയോഗിക്കപ്പെട്ടതായി ഇതുവരെ തെളിവ് കിട്ടിയിട്ടില്ല. ഇതിനായി പത്തൊമ്പതാം നൂറ്റാണ്ടിന് മുമ്പുള്ള കൂടുതൽ കൈയെഴുത്ത് രേഖകൾ പരിശോധിക്കേണ്ടതുണ്ട്. അതേസമയം, ഈ രൂപത്തിന് ഗുണ്ടർട്ട് രേഖപ്പെടുത്തിയ വട്ടെഴുത്തിലെ ദീർഘ ഏകാരത്തോടുള്ള സാമ്യവും ശ്രദ്ധിക്കേണ്ടതാണ്. (Gundert 1851, 2). എന്നാൽ, 'േ', 'ോ' ഉപലിപികൾ *ആൽഫബെത്തും ഗ്രന്ഥോണിക്കത്തിൽ* ഉപയോഗിച്ചിട്ടില്ല.

**ബെഞ്ചമിൻ ബെയിലിയുടെ അച്ചടിയിൽ (1824)**

കേരളത്തിൽ അച്ചടിച്ച ആദ്യത്തെ മലയാളപുസ്തകമായി കരുതുന്ന *ചെറു പൈതങ്ങൾക്ക ഉപകാരാൎത്ഥം ഇംക്ലീശിൽനിന്ന പരിഭാഷപ്പെടുത്തിയ കഥകൾ (ബെയിലി 1824)* എന്ന പുസ്തകത്തിൽ പല വാക്കുകളിലും 'ഓ' ലിപി അനുയോജ്യമായ ഇടങ്ങളിൽ തന്നെ ഉപയോഗിച്ചിട്ടുണ്ട് എന്നുകാണാം. (ബാബു ചെറിയാൻ 2009, 107). എങ്കിലും ഈ പുസ്തകത്തിൽ 'ഏ' ലിപി ഉപയോഗിക്കുന്നില്ല.



*ചെറു പൈതങ്ങൾക്ക ഉപകാരാൎത്ഥം ഇംക്ലീശിൽനിന്ന പരിഭാഷപ്പെടുത്തിയ കഥകൾ* എന്ന പുസ്തകത്തിൽ 'ഓ' ലിപിയുടെ ഉപയോഗത്തിന് ഉദാഹരണം (ബെയിലി 1824, 13)

*ചെറുപൈതങ്ങൾക്ക്* ശേഷം പുറത്തിറങ്ങിയ ബെയിലിയുടെ പുസ്തകങ്ങളിൽ 'ഏ', 'ഓ' ലിപികൾ ഉപയോഗിച്ചിട്ടില്ല. എന്നിരുന്നാലും ബെയിലിയുടെ നിഘണ്ടുവിൽ (ബെയിലി 1846) 'ഏ', 'ഓ' എന്നീ അക്ഷരങ്ങളിൽ തുടങ്ങുന്ന വാക്കുകൾ യഥാക്രമം 'എ', 'ഒ' എന്നീ ലിപികൾ ഉപയോഗിച്ചുതന്നെയാണ് എഴുതിയിരിക്കുന്നതെങ്കിലും വായനയിൽ ദീർഘമുണ്ടെന്ന് കാണിക്കുവാൻ പ്രത്യേകം വിഭാഗങ്ങളാക്കി തിരിച്ചിട്ടുണ്ട്. കൂടാതെ ഓകാരത്തിൽ തുടങ്ങുന്ന വാക്കുകളുടെ പേജുകളുടെ മുകളിലെ ഇൻഡക്സ് വാക്കുകളിൽ 'ഓ' ലിപി ഉപയോഗിച്ചിട്ടുമുണ്ട്. അക്കാലത്ത് കൈയെഴുത്തിൽ 'ഏ', 'ഓ' ലിപികൾ പ്രയോഗത്തിൽ വ്യാപകമല്ലാത്തതിനാലും, പൊതുജനത്തിന് പരിചയമില്ലാത്തതിനാലും ആകാം ബെയിലി ഇവ ഉപയോഗിക്കാതിരുന്നത് എന്ന് ഊഹിക്കുന്നു.


beat hard.
എറവുന്നു, റെി, വാൻ. *v. n.* 1. To strike or beat hard; to give a heavy blow. 2. to bleach, to wash by beating on a stone.

ഏ

ഏ. The letter എ used as a long vowel initial.
എ. *ind.* An interjection of, 1. Remembering, (ha.) 2. censure or contempt. 3. compassion (ha!) 4. addressing (eh, hey.) 5. calling (hey, ho.) The connected form of എ (െ) when added to the last word in a sentence, or to a single word alone, denotes emphasis, as അവനെ. That *very* person.
എകകം, &c. *adj.* Alone, solitary. താനെ.
എകഗുരു, വിന്റെ. *s.* A pupil of the same preceptor, a spiritual brother. ഒരുവൻ തന്നെ.
എകചക്രം, ത്തിന്റെ. *s.* The name of a city. ഒരു ന

ഒരു വെല എടുക്കുന്ന കാള.
എകനായകൻ, ന്റെ. *s.* 1. A lord, a king, a monarch. 2. a chief, a leader. ഒരുത്തൻ തന്നെ പ്രമാണി.
എകനായകം, ത്തിന്റെ. *s.* A medicinal plant.
എകനിഷ്ഠൻ, ന്റെ. *s.* One who is closely attentive, having the mind fixed on one only object. See എകതാനൻ.
എകൻ, ന്റെ. *s.* 1. One, a single person. 2. alone. 3. the only God.
എകപദം. *adv.* Then, at that time. അപ്പൊൾ.
എകപദീ, യുടെ. *s.* A road, a path, a way. ഒരു ചെറിയ വഴി.
എകപക്ഷം, &c. *adj.* An associate; a firm ally or partizan. പക്ഷം ഒന്നായിരിക്കുന്നത.
എകപാത്ത, ിന്റെ. *s.* 1. A name of Siva. 2. one footed. ഒരു കാലുള്ളവൻ.
എകപിംഗൻ, ന്റെ. *s.* A name of Cubera. വൈശ്രവണൻ.
എകപുത്രൻ, ന്റെ. *s.* An only son.

ബെയിലി ഏകാരത്തിൽ തുടങ്ങുന്ന വാക്കുകൾ പ്രത്യേകവിഭാഗമായി വേർതിരിച്ചിരിക്കുന്നു (1846, 126 )


ഓട 135 ഓതി

ഓ

ഓ. The letter ഓ used as a long vowel initial, corresponding to the English long *O* in *Ode*. The ാ (or *dérgham*) is sometimes added to distinguish it from the short ഒ. 1. The connected form of this vowel (ൊ-ാ) affixed to the last word of a sentence or to a single word alone, denotes *ignorance* or *doubt*; as, അവനൊ നീയൊ ഞാൻ അറിയുന്നില്ല, I know not whether it be he or you. 2. When it is added

ഒട, ഓടെ. *post-pos.* With, along with; the sign of the *social* ablative.

ഓട, ട്ടിന്റെ. *s.* 1. A tile, a potsherd. 2. a shell. 3. bell metal. 4. a skull. ഓടിടുന്നു. To tile, to cover with tiles. ഓടുമെച്ചിൽ. Tiling, the covering of a roof with tiles. ഓടുമെയുന്നു. To cover with tiles, to tile.

ഓട, യുടെ. *s.* 1. A kind of large reed. 2. a plant commonly called *Ingudi*.

ഓടം, ത്തിന്റെ. *s.* A boat, a wherry.

ബെയിലി ഓകാരത്തിൽ തുടങ്ങുന്ന വാക്കുകൾ പ്രത്യേകവിഭാഗമായി വേർതിരിച്ചിരിക്കുന്നു (1846,135)

ചുരുക്കത്തിൽ കേരളത്തിൽ മലയാളം അച്ചടി തുടങ്ങുന്നതിന് മുമ്പുതന്നെ ഹ്രസ്വ–ദീർഘസ്വരങ്ങൾ വേർതിരിച്ച വായനയിൽ ഉപയോഗിച്ചിരുന്നു എന്നത് മുകളിലെ അച്ചടിയിൽനിന്നു വ്യക്തമാകുന്നു.

## ‘േ’, ‘ോ’ ഉപലിപികൾ: 1841–ന് മുമ്പുള്ള അച്ചടിയിൽ

### ഹോർത്തൂസ് മലബാറിക്കൂസിൽ (1673)

പത്തൊമ്പതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ പോലും ‘േ’, ‘ോ’ ഉപലിപികൾ വ്യാപകമായി ഉപയോഗിക്കുന്നതായി തെളിവുകളൊന്നും ലഭിച്ചിട്ടില്ലെങ്കിലും, കെട്ടുപുള്ളി ‘(േ)’, പതിനേഴാം നൂറ്റാണ്ടിൽതന്നെ ഉപയോഗിക്കപ്പെട്ടിരുന്നതായി ഹോർത്തൂസ് മലബാറിക്കൂസിൽ സൂചനയുണ്ടെന്ന് എമ്മാനുവൽ ആട്ടേൽ പറയുന്നു (ആട്ടേൽ 2002,79).

ഹോർത്തൂസ് മലബാറിക്കൂസിലെ മലയാളം വാക്കുകൾ ശ്രദ്ധിച്ചാൽ, അതിലെ ലിപികൾക്ക് ഒട്ടും ഐകരൂപ്യം ഇല്ലെന്ന് മനസിലാക്കാം. ഇതിൽനിന്ന്, കേരളത്തിൽ നിന്ന് എഴുതിക്കൊണ്ടുപോയ മലയാളം വാക്കുകൾ മലയാളമറിയാത്ത ആരോ പകർത്തി വരച്ചാണ് ഹോർത്തൂസ് അച്ചടിക്കാനുള്ള ബ്ലോക്കുകൾ ഉണ്ടാക്കിയതെന്ന നിഗമനത്തിലെത്താം. ഹോർത്തൂസിന്റെ പന്ത്രണ്ട് വാല്യങ്ങളിലെയും മലയാളം വാക്കുകൾ പരിശോധിച്ചതിൽനിന്ന് ഏകാരം കാണിക്കുന്ന ലിപികളൊന്നും അതിൽ കണ്ടെത്താനായില്ല.




ചെറുതേക്ക് (റീഡ് 1673, 61)




പേര (റീഡ് 1682, 32)

ഹോർത്തൂസിന്റെ അഞ്ചാം വാല്യത്തിൽ 'ചെറുകനെലി' എന്ന സസ്യത്തെ വിശദീകരിക്കുന്ന ചിത്രത്തോടൊപ്പം അതിന്റെ പേര് നൽകിയിരിക്കുന്നതിൽ കെട്ടുപുള്ളിയുടെ രൂപം കാണാം.




ചെറുകനെലി (റീഡ് 1685, 99)

എന്നാൽ, ഹോർത്തൂസിലെ ചിത്രങ്ങളിൽ കാണുന്ന മലയാളമടക്കമുള്ള എല്ലാ ലിപിരൂപങ്ങളും ചിത്രമായി കൊത്തിയെടുത്തതാണ്. ഇങ്ങനെ കൊത്തിയെടുത്തിരിക്കുന്ന ലിപിരൂപങ്ങളുടെ ഐകരൂപ്യമില്ലായ്മയും, ഈ ഉദാഹരണത്തിൽ 'ചെറിയ കനെലി' എന്ന സസ്യത്തെ സൂചിപ്പിക്കുന്നതാണെന്നും കണക്കിലെടുത്താൽ, ബ്ലോക്ക് നിർമ്മാണ ഘട്ടത്തിൽ ലിപിരൂപങ്ങൾ കൊത്തിയെടുത്തപ്പോൾ വന്ന പിഴവാണ് ഈ കെട്ടുപുള്ളി രൂപത്തിന്റെ കാരണമെന്ന് ഊഹിക്കാം. ഇക്കാരണങ്ങൾകൊണ്ട് ഹോർത്തൂസിൽ 'േ' ഉപലിപി ഉണ്ടെന്ന ആട്ടേലിന്റെ വാദം അംഗീകരിക്കാൻ കഴിയുകയില്ല.

## അർണ്ണോസ് പാതിരിയുടെ കൃതികൾ (1730)

മലയാള ലിപിയിൽ (ഗ്രന്ഥമലയാളം/ആര്യ എഴുത്ത്) വാക്കുകൾ എഴുതുമ്പോൾ ഹ്രസ്വ-ദീർഘ ലിപികൾക്ക് വേർതിരിവ് ഇല്ലാത്തതിന്റെ ആശയക്കുഴപ്പം പരിഹരിക്കാൻ 1730-ൽ അർണോസ് പാതിരി പ്രത്യേകം ലാറ്റിൻ ചിഹ്നങ്ങൾ മലയാള അക്ഷരങ്ങളോട് ചേർത്ത് ഉപയോഗിച്ചിരുന്നതായി കാണാം.




*ചിന്തേര്* എന്ന വാക്കിൽ ദീർഘ എകാരമാണെന്നും *ചിന്തെര്* എന്നല്ലെന്നും ലാറ്റിൻ/ഗ്രീക്ക് ലിപികളിലെ ചിഹ്നമായ macron കൊണ്ട് സൂചിപ്പിച്ചിരിക്കുന്നു. (Hanxleden 1730, 51)



*'ചെന'* എന്ന വാക്കിൽ breve ഉപയോഗിച്ച് *'ചേന'* എന്നതിൽ നിന്നും വേർതിരിച്ചിരിക്കുന്നു. (Hanxleden 1730, 59)

## 'േ', 'ോ' ഉപലിപികളുടെ തമിഴ് ഉൽപ്പത്തി

ഏകാര ഉപലിപിയ്ക്കായി തമിഴിൽ ഉപയോഗിക്കുന്ന ചിഹ്നം (ே) പതിനെട്ടാം നൂറ്റാണ്ടിൽ ഉടലെടുത്തതാണ് (ആട്ടേൽ 2002, 79). ഇതുതന്നെയാണ് പിന്നീട് മലയാളത്തിലേക്ക് കടന്നെത്തിയത്. Constanzo Beschi (വീരമാമുനിവർ, 1680–1747) ആണ് 'ഏ', 'ഓ' എന്നീ ദീർഘസ്വരങ്ങളുടെ ഉപലിപികൾ തമിഴിൽ കൊണ്ടുവന്നത് (Burnell 1874, 37). തന്റെ തമിഴ് വ്യാകരണ പുസ്തകത്തിന്റെ അച്ചടിയിൽ ഈ ലിപികളെ ബെസ്ചി അവതരിപ്പിക്കുന്നു (Beschi, 1728, 9). തമിഴിലെ ഈകാരാക്ഷരത്തിന്റെ ഉപലിപിയിൽ (ீ)ചെയ്യുന്ന പോലെ ചിഹ്നത്തിന്റെ ഒട്ടുവിൽ ഒരു കുനിപ്പിട്ട് ദീർഘമാക്കുന്നതായിരുന്നു ആ രീതി. ആ കാലഘട്ടം മുതൽ തമിഴ് അച്ചടിയിൽ ഏ–ഓകാര ഉപലിപികൾ പ്രചാരത്തിലുണ്ട്.



effet. Addo excogitaſſe me alium & faciliorem mo-
dum diſtinguendi *e* & *o* longa à brevibus: ſcilicet, cum
utrique inſerviat littera ெ, *combu* dicta; ſi hæc ſimpli-
ci forma ſcribatur, erit *e* breve & *o* breve: ſi autem
inflectetur in partem ſuperiorem, vt infrà dicam de *i*
longo, ſic ே *e* et *o* erunt longa. Sic மெய, *mey*, bre-
ve: at மேய, *mēy*, longum. Sic பொய, *poy*, breve,
at போய, *pōy*, longum. Qui modus pluribus ſatis
placuit, et ſequi non ſunt dedignati. 3 ) Loco *i* bre-

Constanzo Beschiയുടെ (വീരമാമുനിവർ) 1728–ലെ പുസ്തകത്തിൽ തമിഴിൽ ே ഉപലിപി അവതരിപ്പിക്കുന്നതിന്റെ ഉദാഹരണം (Beschi 1728, 9)

## ഗുണ്ടർട്ടിന്റെ നോട്ടുപുസ്തകങ്ങളിൽ

1840–കളിലും അതിനുമുമ്പും കൈയെഴുത്തിലെ എകാരത്തിനുള്ള ഉപലിപി, ഇന്നത്തെ 'െ', 'േ' ഉപലിപികൾക്ക് ഇടയിലുള്ള ഒരു രൂപമായിരുന്നു. ഇപ്പോഴത്തെ മലയാള ലിപിമാലയിലെ 'േ' ഉപലിപിയായി ഈ രൂപത്തെ തെറ്റിദ്ധരിക്കാനും സാധ്യതയുണ്ട്.



*കേരളനാടകം* കൈയെഴുത്ത് പ്രതിയിലെ എകാര ഉപലിപി (ഗുണ്ടർട്ട് 1840, 3)

ഗുണ്ടർട്ട് 1840–കളിൽ ഇംഗ്ലീഷിലെഴുതിയ *മലയാള വ്യാകരണത്തിന്റെ* കൈയെഴുത്ത് പ്രതിയിലും (1840), 1851–ലെ *മലയാളഭാഷാ വ്യാകരണത്തിന്റെ* ലിത്തോഗ്രാഫി പതിപ്പിലും (1851, 20) ചില പേജുകളിൽ ' േ' ഉപലിപി കാണുന്നുണ്ട്. ഇന്നത്തെ 'േ' ഉപലിപിയുടേതിൽ നിന്ന് അല്പം വലത്തോട്ട് ചെരിഞ്ഞുള്ള രൂപമാണ് അതിനുള്ളത്. അതിനായി തമിഴിലെ ഏകാര ഉപലിപിയുടെ (ே) രീതി പിന്തുടരുകയാണ് എന്ന് ഗുണ്ടർട്ട് സൂചിപ്പിക്കുന്നു. അതുപോലെ, വലത്തോട്ടു ചെരിഞ്ഞുള്ള കെട്ടുപ്പുള്ളിയുടെ ഈ രൂപത്തിന് വട്ടെഴുത്തിലെ എകാര ലിപിയിൽനിന്നുള്ള സ്വാധീനവും കാണാവുന്നതാണ്.




1840–കളിൽ ഗുണ്ടർട്ട് ഇംഗ്ലീഷിലെഴുതിയ *മലയാള വ്യാകരണത്തിന്റെ* കൈയെഴുത്ത് പ്രതിയിയിൽ മലയാളത്തിലെ ഉപലിപികൾ ചർച്ച ചെയ്യുന്ന ഭാഗത്ത് തമിഴിലെ ഉപലിപികളുടെ ഉദാഹരണം ചൂണ്ടിക്കാണിക്കുന്നു (1840, 7)

## സി.എം.എസ്. പ്രസ്സിലെ ലിപി പരിഷ്കരണം

ഏ–ഓകാരങ്ങൾക്ക് അവയുടെ ഹ്രസ്വരൂപങ്ങളിൽനിന്ന് വ്യത്യസ്തമായ ലിപികളും ഉപലിപികളും അച്ചടിയിൽ ഉപയോഗിച്ച് തുടങ്ങിയത് സി.എം.എസ്. പ്രസ്സ് ആണെന്നാണ് ഞങ്ങളുടെ പഠനത്തിൽ വ്യക്തമായത്. ഈ വിഷയത്തിലുള്ള ഞങ്ങളുടെ അന്വേഷണങ്ങൾ റവ: ജോസഫ് പീറ്റ് എന്ന സി.എം.എസ്. മിഷനറിയുടെ ലിപിപരിഷ്കരണ ശ്രമങ്ങൾ അനാവരണം ചെയ്യുന്നതിലേക്കാണ് എത്തിച്ചേർന്നത്.

## റവ: ജോസഫ് പീറ്റിന്റെ 1841–ലെ നിർദ്ദേശവും 1846 മുതലുള്ള അച്ചടിയും

മലയാളം അച്ചടിയിൽ 'ഏ', 'ഓ' ലിപികളും അവയുടെ ഉപലിപികളും എഴുത്തിലും അച്ചടിയിലും ഉപയോഗിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി ആദ്യമായി പ്രസ്താവിക്കുന്നത് സി.എം.എസ്. മിഷനറി ആയിരുന്ന റവ: ജോസഫ് പീറ്റ് ആണ്. 1841–ൽ അദ്ദേഹം സി.എം.എസ്. പ്രസ്സിൽനിന്ന് പ്രസിദ്ധീകരിച്ച A Grammar of the Malayalim Language എന്ന ഇംഗ്ലീഷിലെഴുതിയ മലയാള വ്യാകരണ പുസ്തകത്തിലാണ് ഇത് സംബന്ധിച്ച നിർദ്ദേശങ്ങളുള്ളത് (Peet 1841). പ്രസിദ്ധീകരിക്കപ്പെട്ട ആദ്യത്തെ സമ്പൂർണ മലയാള വ്യാകരണ പുസ്തകമായാണ് പീറ്റ് തന്റെ പുസ്തകത്തെ വിശേഷിപ്പിക്കുന്നത്.

പുസ്തകത്തിന്റെ തുടക്കത്തിൽ നൽകിയിരിക്കുന്ന മലയാള അക്ഷരമാലയിൽ 'ഏ' ലിപിയും ഉപലിപിയും കാണുന്നില്ലെന്നത് ശ്രദ്ധിക്കാം (Peet 1841, 2,8 പേജ്). എന്നാൽ, മലയാള സ്വരങ്ങളുടെ ഉപലിപികളെ പരിചയപ്പെടുത്തുന്ന 'Of Medial and Final Vowels' എന്ന വിഭാഗത്തിൽ എ – ൊ എന്ന ഹ്രസ്വ സ്വരത്തെ പറ്റിയുള്ള അടിക്കുറിപ്പിൽ അദ്ദേഹം ഇങ്ങനെ പറയുന്നു:

> പഴയൊരു പ്രത്യേക തമിഴ് ലിപിമാലയിൽനിന്ന് ഉരുത്തിരിഞ്ഞതും ഇന്ന് ഏതാണ്ട് ഉപയോഗശൂന്യമായതും എന്നാൽ ആധാരങ്ങളും ഭൂപട്ടയങ്ങളും (title deeds and grants of land) എഴുതാനുപയോഗിക്കുന്നതുമായ ഒരു പ്രാചീന മലയാളം ലിപിമാലയിൽ ദീർഘ–ഹ്രസ്വ ഏകാരങ്ങൾക്ക് ലിപികളുണ്ട്. ഇക്കാര്യത്തിനായുള്ള എന്തെങ്കിലും ഉപാധി ഇന്നത്തെ ലിപിമാലയിൽ ഉൾക്കൊള്ളിക്കുന്നത് ഭാഷയെ കൂട്ടതൽ സ്പഷ്ടമാക്കാനും പഠിതാക്കൾക്ക് ഉപകാരപ്രദവും ആയിരിക്കും.

4 In an ancient Malayalim Alphabet, now nearly obselete, which appears to have been derived from an old Tamil Alphabet, of peculiar character, and used for writing title deeds and grants of land, there are two characters to distinguish the short and long എ; and it would tend to make this language more definite, and be of great assistance to learn-

ers; if something to answer the same purpose could be introduced into the present Alphabet. To adopt the old Malayalim character would require a change in the consonant to which the medial character must be annexed; but as this would not be desirable, perhaps the introduction of the following character േ, used as the medial of long എ in Tamil would be the least objectionable; thus മെത്ത, േഛതം. For this initial, I propose this character ഏ: thus ഏണ്ണ *Oil*; ഏഷണി *Malice, Backbiting.*

പീറ്റ് തന്റെ പുസ്തകത്തിൽ 'ഏ' ലിപിയും 'േ' ഉപലിപിയും അവതരിപ്പിക്കുന്നു ( 1841, 8)

പഴയ തമിഴ് ലിപിയിൽനിന്ന് ഉദ്ഭവിച്ചു എന്നും ആധാരങ്ങളും ഭൂപട്ടയങ്ങളും എഴുതാനുപയോഗിക്കുന്നു എന്നും പറഞ്ഞിരിക്കുന്നതുകൊണ്ട്, ഇവിടെ സൂചിപ്പിക്കുന്ന പ്രാചീന മലയാളലിപി വട്ടെഴുത്തോ കോലെഴുത്തോ ആയിരിക്കാനാണ് സാധ്യത. വട്ടെഴുത്തിൽ ഏകാരലിപി (ഏ) അപൂർവമായി

കാണുന്നുണ്ട് (മുകളിലെ സെക്ഷൻ കാണുക). വേൾവിക്കുടി ചെപ്പേടിലെ വട്ടെഴുത്ത് ലിഖിതത്തിൽ (769), എകാരത്തെ ഏകാരത്തിൽനിന്ന് വേർതിരിച്ച് കാണിക്കാൻ അക്ഷരത്തിന് മുകളിൽ പുള്ളി ഉപയോഗിക്കുന്നത് കാണാം.



'പോ ല ത് തെ റ് റെ ൺ റ്' (പോലത്തെറ്റെൻറ്റു) എന്നെഴുതിയതിൽ 'തെ' 'റെ' എന്നിവ ഹ്രസ്വമാണെന്ന് കാണിക്കുന്ന മുകളിലെ പുള്ളി ശ്രദ്ധിക്കുക (വേൾവിക്കുടി ചെപ്പേട് 769. iv b 52)

എന്തായാലും വട്ടെഴുത്തിൽ ഉണ്ടായിരുന്നതും എന്നാൽ അന്നത്തെ മലയാള ലിപിയിൽ ഇല്ലാത്തതും ആയ എകാരലിപിയിലെ ഹ്രസ്വ–ദീർഘ വ്യത്യാസം പ്രത്യേകമായി അടയാളപ്പെടുത്തണം എന്ന അഭിപ്രായമാണ് റവ. ജോസഫ് പീറ്റ് തന്റെ വ്യാകരണ പുസ്തകത്തിലൂടെ മുന്നോട്ട് വക്കുന്നത്. വ്യഞ്ജനങ്ങളോട് ചേരുന്ന ഏകാരസ്വരത്തെ സൂചിപ്പിക്കാൻ വട്ടെഴുത്ത് ശൈലി ഉപയോഗിക്കുകയാണെങ്കിൽ വ്യഞ്ജനത്തിന് രൂപമാറ്റം വരുത്തേണ്ടി വരും എന്നതുകൊണ്ട് തമിഴിലെ സമാന ഉപലിപി (ே) ഉപയോഗിക്കുന്നതിൽ എതിർപ്പുണ്ടാവില്ലെന്നും സ്വതന്ത്ര ഏകാരസ്വരത്തിന് 'ഏ' എന്ന ലിപി ഉപയോഗിക്കാനും പീറ്റ് നിർദ്ദേശിക്കുന്നു.

തുടർന്നുള്ള ഒകാരത്തെ പറ്റിയുള്ള വിവരണത്തിലും അതിന്റെ ലിപിയും ഉപലിപിയും ഉപയോഗിച്ച് ഹ്രസ്വ–ദീർഘഭേദങ്ങൾ പ്രകടിപ്പിക്കാനാകാത്തതിന്റെ പ്രശ്നം ചൂണ്ടിക്കാട്ടുകയും, ദീർഘസ്വരത്തിനായി 'ഓ' ലിപിയും, 'േ ാ' ഉപലിപിയും ഉപയോഗിക്കാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു. ഇതിൽ 'ഓ' എന്ന സ്വതന്ത്രസ്വരത്തിന്റെ ലിപി ചില എഴുത്തുകാർ ഉപയോഗിച്ച് പോരുന്നുണ്ടെന്നും പീറ്റ് ചൂണ്ടിക്കാട്ടി. ബെയിലിയുടെ *ചെറുപൈതങ്ങൾ* (1824) ഇതിനുദാഹരണമാണ്.



| | | |
|---|---|---|
| ഒ, | െ——ാ, | The language, with respect to this letter, is also defective in having but one character to express the short and long *o*. Perhaps the following marks would be found as convenient as any to mark the distinction; for the initial and medial short *o* ഒ & െ—ാ, as in the table: for the long initial ഓ, which is used by some few writers, for the long medial and final േ—ാ: thus short initial and medial, ഒട്ടകം *Camel:* കൊമ്പ *Branch.* Long initial and medial, ഓക *Drain:* കോപം *Wrath.* |

പീറ്റ് തന്റെ പുസ്തകത്തിൽ 'ഓ' ലിപിയും 'േ ാ' ഉപലിപിയും അവതരിപ്പിക്കുന്നു ( 1841, 9)

'േ' ഉപലിപി ഈ പുസ്തകത്തിൽ അച്ചടിച്ചിരിക്കുന്നതിൽ ഗുണ്ടർട്ടിന്റെ കൈയെഴുത്തിലെ പോലെ വലത്തേക്ക് ഒരു ചെരിവ് കാണാം. മുമ്പ് പറഞ്ഞിരുന്ന വട്ടെഴുത്ത് സ്വാധീനം, 'െ' ഉപലിപിയിൽനി

ന്നുള്ള പരിവർത്തനം എന്നീ സാദ്ധ്യതകൾക്ക് പുറമേ, പൊക്കക്കൂട്ടുതലുള്ള തമിഴ് അച്ചുകൾ ഉപയോഗിച്ചതുകൊണ്ട് ആവാം ഈ ചെരിവ് വന്നതെന്നാണ് ഞങ്ങളുടെ ഒരു അനുമാനം.

അതേപോലെ മറ്റു ലിപികളിൽനിന്നും ഉപലിപികളിൽനിന്നും വ്യത്യസ്തമായി 'െ' ഉപലിപിയുടെ ആകൃതി ഒരേ പേജിൽതന്നെ ഓരോയിടത്തും വ്യത്യസ്തമാണെന്ന് കാണാം. മറ്റു ലിപികളേപോലെ അനേകം കോപ്പികൾ ലോഹത്തിൽ വാർത്തെടുത്ത മെറ്റൽ അച്ച് ഉപയോഗിച്ചല്ല, മറിച്ച് മരത്തിലോ മറ്റോ താൽകാലിക ആവശ്യത്തിന് വേണ്ടി കൊത്തിയെടുത്ത അച്ചാകണം 'െ' ഉപലിപിക്ക് ഉപയോഗിച്ചിരിക്കുക. അതുകൊണ്ടാവണം ഈ ആകൃതി വ്യത്യാസമെന്ന് ഞങ്ങൾ അനുമാനിക്കുന്നു. പുസ്തകത്തിലെ മറ്റു പേജുകളിൽ ഉപയോഗിക്കാൻ പദ്ധതി ഇല്ലാഞ്ഞതിനാൽ ഒരു പേജിലെ മാത്രം ആവശ്യത്തിന് മൂന്നോ നാലോ അച്ചുകൾ മാത്രമായിരിക്കണം കൊത്തിയെടുത്തിരിക്കുക.

ദീർഘ ഏ-ഓകാരങ്ങൾക്ക് വ്യതിരിക്തമായ ലിപികളും ഉപലിപികളും ഈ വ്യാകരണ പുസ്തകത്തിലൂടെ പീറ്റ് മുന്നോട്ട് വെക്കുന്നുവെങ്കിലും, ഈ പുസ്തകത്തിൽ ഒരിടത്തും അവ ഉപയോഗിച്ചിട്ടില്ല എന്നും കാണാം. ചുരുക്കത്തിൽ, 1841-ലെ തന്റെ പുസ്തകത്തിൽ ഈ പരിഷ്കരണം ഒരു നിർദ്ദേശമായി മാത്രമാണ് പീറ്റ് ഉദ്ദേശിച്ചിട്ടുള്ളതും അവതരിപ്പിക്കുന്നതും. താഴെ കൊടുത്തിരിക്കുന്ന ഉദാഹരണം കാണുക.


ഒടിയെലി—ഒടിയ എലി. *The rat which ran.*
ചെയ്യൈകമത്യം—ചെയ്യ ഐകമത്യം *The reconciliation that was effected.*
അവൻ സെവിച്ചൌഷധം—അവൻ സെവിച്ച ഔഷധം. *The medicine that he drank.*
70. Relative participles are formed from all sorts of verbs, and are ten qualified by the helping verbs; as,
പൊയിരിക്കുന്നവൻ, *He who hath gone.*

പീറ്റിന്റെ പുസ്തകത്തിൽ മറ്റ് ഇടങ്ങളിൽ ഏ/ഓ ലിപികളും ഉപലിപികളും ഉപയോഗിച്ചിട്ടില്ല (1841, 55)

റവ: ജോസഫ് പീറ്റിന്റെ 1841-ലെ വ്യാകരണ പുസ്തകത്തിനുശേഷം 1845 വരെയുള്ള സി.എം.എസ്. പ്രസ്സ് പുസ്തകങ്ങളിൽ വളരെ കുറച്ചെണ്ണം മാത്രമാണ് ഇതുവരെ കണ്ടെടുക്കുകയും, അതുവഴി ചരിത്രത്തിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ളത്. അതിനാൽ 1841 മുതൽ 1845 വരെ ഈ വിഷയത്തിൽ സി.എം.എസ്. പ്രസ്സിൽ മറ്റു പരിശ്രമങ്ങൾ നടന്നിരുന്നോ എന്ന് വ്യക്തമല്ല.

വളരെ പ്രത്യക്ഷമായ ഒരു ലിപിപരിഷ്കരണം ആയതിനാൽ ആദ്യം ക്രൈസ്തവ മതപ്രചാരണ ലഘുലേഖകൾ(ട്രാക്ട്കൾ)പോലുള്ള പുസ്തകങ്ങളിലാണ് ഇവ ഉപയോഗിച്ചത് എന്ന് കരുതാം. 1846-ൽ ജോസഫ് പീറ്റിന്റെ നേതൃത്വത്തിലുള്ള NTMRTS (North Travancore Malayalam Religious Tract Society) പ്രസിദ്ധീകരിച്ച ഒരു കൂട്ടം ക്രൈസ്തവ മതപ്രചാരണ പുസ്തങ്ങളിൽതന്നെയാണ് ഇതിന്റെ ആദ്യ ഉപയോഗം കണ്ടെത്താൻ കഴിഞ്ഞത്.

1846-ൽ മാവേലിക്കര ബുക്ക് സൊസൈറ്റിക്ക് വേണ്ടി കോട്ടയത്ത് അച്ചടിച്ച *ഹെനരിക്കുഞ്ഞിനെയും അവനെ സൂക്ഷിച്ചവനെയും കുറിച്ച്* എന്ന പുസ്തകമാണ് 1841-ലെ പീറ്റിന്റെ വ്യാകരണത്തിനുശേഷമുള്ള തെളിവായി ലഭിക്കുന്നത്. 'ഏ', 'ഓ' ലിപി-ഉപലിപികൾക്കായി പീറ്റ് തന്റെ വ്യാകരണപുസ്തകത്തിൽ നിർദ്ദേശിച്ച പരിഷ്കരണം ഈ പുസ്തകത്തിൽ പൂർണമായി സ്വീകരിച്ചിരിക്കുന്നത് കാ

ണാവുന്നതാണ്. ഒപ്പം, 1841–ൽ വലത്തോട്ട് ചെരിച്ച് വരച്ചിരുന്ന 'േ' ഉപലിപി ഇതിൽ ഇന്നത്തെ രൂപത്തിൽ നിവർന്നിരിക്കുന്നുമുണ്ട്. അതായത് ഈ സമയത്തോടെ 'േ' ഉൾപ്പെടുത്തിയ മലയാളം അച്ചുകളുണ്ടാക്കാൻ സി.എം.എസ്. പ്രസ്സ് ആരംഭിച്ചു എന്ന് അനുമാനിക്കാം.


ഹെനരിക്കുഞ്ഞ ജനിച്ചത ഹിന്തുദേശത്തിലുള്ള ദീനാപ്പൂരിൽ
ആയിരുന്ന അവൻെറ അപ്പൻ കുമ്പിനി പട്ടാളത്തിൽ ഒരു ഉ
ദ്യോഗസ്ഥൻ ആയിരുന്നു. ആയാൾ തൻെറ പുത്രൻ ജനിച്ച കു
റഞ്ഞൊരു മാസം കഴിഞ്ഞ ശേഷം ഒരു പ്രഭുവിന്നുള്ള കോട്ട പി

*ഹെനരിക്കുഞ്ഞിനെയും അവനെ സൂക്ഷിച്ചവനെയും കുറിച്ച* എന്ന പുസ്തകത്തിൽ 'േ', 'േ ാ' ഉപലിപികൾ ഉപയോഗിച്ചതിന്റെ ഉദാഹരണം (ഹെനരിക്കുഞ്ഞിനെയും അവനെ സൂക്ഷിച്ചവനെയും കുറിച്ച 1846, 1)

ആ വർഷം (1846) തന്നെ ഇറങ്ങിയ മതവിചാരണ എന്ന കൃതിയിലും ഈ ഉപലിപികൾ ഉപയോഗിച്ചിട്ടുമുണ്ട്:


നരസിംഹ ഭട്ടർ ഭവനത്തിൻെറ കോലിറയത്ത
നടക്കുമ്പോൾ മാസപ്പടിക്കാരൻെറ കയ്യിൽ ഒരു
ചെറിയ കെട്ട കൊടുത്ത നീ ഓടി പോയി തപ്പാ
ലിൽ കൊടുക്ക എന്ന പറഞ്ഞയച്ചതിൻെറ ശേ
ഷം അങ്ങാടിയിൽനിന്ന വരുന്ന മകനായ രാ

*മതവിചാരണ* എന്ന സി.എം.എസ്. പുസ്തകത്തിൽ ഏ/ഓ ലിപികളും ഉപലിപികളും ഉപയോഗിച്ചതിന്റെ ഉദാഹരണം (മതവിചാരണ 1846, 1)

*മതവിചാരണയ്ക്ക്* 1846–ൽ സി.എം.എസ്. പതിപ്പും 1854–ൽ തലശ്ശേരി ബാസൽ മിഷൻ പതിപ്പും പുറത്തിറങ്ങിയിരുന്നു. സി.എം.എസ്. പതിപ്പിൽ ഉപയോഗിച്ചിരുന്ന പരിഷ്കരിച്ച 'ഏ', 'ഓ' ലിപി–ഉപലിപികൾ തലശേരി ബാസൽ മിഷൻ പതിപ്പ് തമസ്കരിച്ചു എന്ന് ഡോ. സ്കറിയ സക്കറിയ നിരീക്ഷിച്ചിട്ടുണ്ട് (സ്കറിയ 1989, 496).

*മാർപാപ്പ* എന്ന കൃതിയിലും (1846) ഈ പരിഷ്കരണം കാണാം. ചുരുക്കത്തിൽ, 1846 തൊട്ട് ക്രിസ്തുമതപ്രചാരണ പുസ്തകങ്ങളിൽ, പ്രത്യേകിച്ച് പീറ്റിന്റെ നേതൃത്വത്തിൽ പുറത്തിറങ്ങിയവയിൽ, ഈ ലിപി–ഉപലിപികളുടെ വ്യാപകമായ പ്രയോഗം കാണാം. എന്നാൽ 1846–ൽ തന്നെ സി.എം.എസ്. പ്രസ്സിൽനിന്ന് പുറത്തിറങ്ങിയ മറ്റു പല പുസ്തകങ്ങളിലും സംസ്കൃതരീതിയിൽ ഹ്രസ്വ–ദീർഘ വ്യത്യാസമില്ലാതെയാണ് 'എ', 'ഒ' എന്നിവയുടെ ലിപികൾ രേഖപ്പെടുത്തിയിരിക്കുന്നത്.

സി.എം.എസ്. പ്രസ്സിൽനിന്ന് 1847–ൽ പുറത്തിറങ്ങിയ *ഹിതോപദേശഃ* എന്ന സംസ്കൃതഗ്രന്ഥത്തിൽ 'ഏ', 'ഓ' ലിപികളും ഉപലിപികളും പൂർണ്ണമായി ഉപയോഗിക്കുന്നുണ്ട് (ഹിതോപദേശഃ 1847). ഈ പുസ്തകത്തിൽ ഹ്രസ്വരൂപങ്ങളില്ലതാനും. സംസ്കൃതത്തിലെ എകാരവും ഒകാരവും എപ്പോഴും ദീർഘങ്ങളാണ് എന്ന വസ്തുതയ്ക്ക് വായനക്കാരിൽ സംശയമൊന്നും ഉണ്ടാവാതിരിക്കാനാവണം അങ്ങനെ ചെയ്തത്. എന്നാൽ 1850–ൽ പ്രസിദ്ധപ്പെടുത്തിയ *സിദ്ധരൂപം* എന്ന സംസ്കൃതഗ്രന്ഥത്തിലാകട്ടെ ദീർഘലിപികൾക്ക് പകരം മുമ്പുണ്ടായിരുന്ന രീതിയിൽ 'എ', 'ഒ' ഹ്രസ്വ ലിപികളും ഉപ

ലിപികളും ആണ് ഉപയോഗിക്കുന്നത് (സിദ്ധരൂപം 1850). ഇങ്ങനെ 'ഏ', 'ഓ' ലിപികളുടേയും ഉപലിപി കളുടേയും കാര്യത്തിൽ ഒരു സ്ഥിരതയില്ലായ്മ ആ വർഷങ്ങളിൽ കാണാം.

## 'ഏ', 'ഓ' ലിപികൾ ജ്ഞാനനിക്ഷേപം മാസികയിൽ (1848)

'ഏ', 'ഓ' ലിപി സംബന്ധമായ പരിഷ്കരണത്തിന്റെ കാര്യത്തിൽ ജ്ഞാനനിക്ഷേപം മാസികക്ക് പ്രത്യേക സ്ഥാനമുണ്ടെന്ന് ആ മാസികയുടെ ചരിത്രം പരിശോധിച്ചാൽ കാണാം. സി.എം.എസ്. പ്രസ്സിൽ നിന്ന് 1848–ൽ പ്രസിദ്ധീകരണം തുടങ്ങിയ ആദ്യകാല മലയാള ആനുകാലികമായ *ജ്ഞാനനിക്ഷേപത്തിന്റെ* ആദ്യലക്കത്തിൽതന്നെ ഇന്നത്തെ രീതിയിലുള്ള 'ഏ', 'ഓ' ലിപികളും ഉപലിപികളും ഉപയോഗിച്ചിരിക്കുന്നത് കാണാം.


ജ്ഞാനനിക്ഷെപം കൊട്ടയത്ത അച്ചുക്കൂടത്തിൽ അച്ചടിച്ച മാ
സംതോറും പ്രസിദ്ധപ്പെടുത്തും. ഇത ഉപകാരമായിട്ടും കൌതു
കമായിട്ടുമുള്ള പലപല കാൎയ്യങ്ങളിന്മേൽ അറിവുവരുത്തുന്നതി

*ജ്ഞാനനിക്ഷേപം* ആദ്യ ലക്കത്തിൽ 'േ', 'ോ' ഉപലിപികളുടെ പ്രയോഗം (ജ്ഞാനനിക്ഷേപം 1848, 1)


ക്കുന്നു. ലോകം ഉണ്ടായതു മുതൽ ഏകദേശം ൨൦൦൦ സംവത്സ
രത്തോളം മനുഷ്യർ ഒരു ഭാഷ തന്നെ സംസാരിച്ചുവന്നു. പി

*ജ്ഞാനനിക്ഷേപം* ആദ്യ ലക്കത്തിൽ 'ഏ' ലിപിയുടെ പ്രയോഗം (ജ്ഞാനനിക്ഷേപം 1848, 3)


അക്ഷരങ്ങളിൽ ഒന്നും ഒരു കോടാലിപോലെ അല്ലാതിരിക്കു
മ്പോൾ ആ എഴുത്ത ഒരുത്തൻ കണ്ടാൽ കോടാലി എന്ന ഓൎക്കു
ന്നത എങ്ങിനെ എന്ന അവൎക്ക അറിഞ്ഞുകൂടാഞ്ഞതിനാൽ അ
തിന്റെ കാൎയ്യം അവരെ പറഞ്ഞ മനസ്സിലാക്കുവാൻ വളരെ
പ്രയാസമായിരുന്നു.

*ജ്ഞാനനിക്ഷേപം* ആദ്യ ലക്കത്തിൽ ഓ ലിപിയുടെ പ്രയോഗം (ജ്ഞാനനിക്ഷേപം 1848, 4)

ജ്ഞാനനിക്ഷേപം മാസികയിൽ ഉപയോഗിച്ച അച്ചുകളെപ്പറ്റി വിശദമായി പഠിച്ച ബാബു ചെറിയാൻ, ജേക്കബ് ഐസക്ക് കാളിമഠം എന്നിവർ 'ഏ', 'ഓ' ലിപികളെ സംബന്ധിച്ചുള്ള പരിഷ്കരണങ്ങളെ കുറിച്ച് ഇങ്ങനെ പറയുന്നു:

> 1848 വൃശ്ചികം 1നു പ്രസിദ്ധീകരിച്ച ജ്ഞാനനിക്ഷേപത്തിന്റെ ഒന്നാം ലക്കത്തിൽ ഏ, ഓ എന്നീ ദീർഘസ്വരങ്ങളും അവയുടെ ഉപലിപികളായി യഥാക്രമം കെട്ടുപുള്ളി (േ), കെട്ടുപുള്ളി – ദീർഘം (ോ) എന്നിവയും ഉപയോഗിച്ചിട്ടുണ്ട്. ... ജ്ഞാനനിക്ഷേപത്തിന്റെ ആദ്യലക്കത്തിൽ കൊട്ടയം, ജ്ഞാനനിക്ഷെപം, സ്നെഹിതന്മാർ എന്നിങ്ങനെ മൂന്നോ നാലോ വാക്കുകളിൽ മാത്രമാണു കെട്ടുപുള്ളി (േ) ഇല്ലാത്തത്. ബാക്കി മുഴുവൻ വാക്കുകളിലും 'ഏ', 'ഓ' എന്നീ ദീർഘസ്വരങ്ങളും കെട്ടുപുള്ളിയും വേണ്ടിടത്തെല്ലാം ഉപയോഗിച്ച്

> ദീർഘഭേദം അച്ചടിയിൽ വരുത്തിയിട്ടുണ്ട്. ഉദാ. മാസം തോറും, സ്വദേശം, പരദേശം, വിശേഷങ്ങളും, തിരുവിതാംകോട്ട, പർപ്പുകളും മേൽ, ...
> എന്നാൽ, 1848 ധനു 1-നു പ്രസിദ്ധീകരിച്ച് രണ്ടാം ലക്കത്തിൽ കട്ടത്ത പിന്നാക്കം പോക്കു നടത്തി. ആദ്യലക്കത്തിൽനിന്നു കടകവിരുദ്ധമായി ഏറെ ഏതുള്ളു, ഏതാനും എന്നിങ്ങനെ മൂന്നു നാലുവാക്കുകൾ മാത്രമേ ദീർഘാക്ഷര ങ്ങളിൽ അച്ചടിച്ചിട്ടുള്ളൂ. ബാക്കിയുള്ളിടത്തെല്ലാം ഹ്രസ്വത്തിനും ദീർഘത്തിനും പുള്ളിമാത്രമേയുള്ളു. ഉദാ. പൊകുന്നു, ആൾശെഖരത്തൊട, നൊക്കി, ഇപ്പൊൾ, ദെശഭ്രഷ്ടനാക്കി, ശേഷം, അപെക്ഷിച്ചു, വെണ്ടുംവണ്ണം, ...
> പിന്നീട്ടുള്ള പത്തു ലക്കങ്ങളിലും (ലക്കങ്ങൾ 3–12) ഹ്രസ്വ ദീർഘ ഭേദങ്ങളില്ലാതെ എകാര ഒകാരങ്ങൾ അച്ചടിച്ചു. എന്നാൽ 13-ാം ലക്കത്തിൽ, ആദ്യലക്ക ത്തിലേതുപോലെ, എകാര-ഒകാരങ്ങൾക്കു ഹ്രസ്വ-ദീർഘഭേദത്തോടുകൂടി കെട്ടു പുള്ളി (ෙ) ഉപയോഗിച്ചാണു മുഴുവൻ അച്ചടിയും നിർവ്വഹിച്ചിരിക്കുന്നത്. ... ഒരേ ലക്കത്തിൽ തന്നെ, ചില കൃതികളിൽ ഹ്രസ്വ-ദീർഘ ഭേദമില്ല. കൊട്ടയും കോട്ടയും എല്ലാം കൊട്ട തന്നെ മറ്റുള്ളവയിൽ ഹ്രസ്വ ദീർഘഭേദം ഉണ്ട്. കൊട്ട് കൊട്ടിയും കോട്ട "കോട്ടയും ആയിത്തന്നെ അച്ചടിക്കുന്നു. ചില ലക്കങ്ങളിലാകട്ടെ ഒരു കൃതി യിൽ തന്നെ എകാര-കാര ദീർഘ-ഹ്രസ്വങ്ങൾ സമ്മിശ്രമായി പ്രയോഗിച്ചിട്ടുണ്ട്. ലക്കം 17-ലെ (1850 മീനം) മിഡിയ എന്ന രാജ്യത്തെക്കുറിച്ച് എന്ന ലേഖനം ചുരുക്കത്തിൽ കൈയെഴുത്തു (പകർപ്പെഴുത്തു) പാരമ്പര്യത്തിൽനിന്നും അതു വരെ ഉണ്ടായിരുന്ന അച്ചടിരീതിയിൽ നിന്നും വ്യത്യസ്തമായി എ ഒ എ ഹ്രസ്വസ്വരങ്ങൾക്കും ഏ. ഓ എന്നീ ദീർഘസ്വരങ്ങൾക്കും വെവ്വേറെ ലിപികളും ഉപലിപികളും അച്ചടിക്കുന്നതിനു ശ്രമിച്ച ജ്ഞാനനിക്ഷേപം ചിലപ്പോഴൊക്കെ അതിൽനിന്നു പുറകോട്ടു പോവുകയും പിന്നീട്ടു ക്രമാനുഗതമായി അതു നടപ്പിലാക്കൻ ശ്രമിക്കുകയും ചെയ്തു (ബാബു ചെറിയാൻ, ജേക്കബ് ഐസക്ക് കാളിമഠം 2002, 68–70)

ബാബു ചെറിയാനും ജേക്കബ് ഐസക്ക് കാളിമഠവും നടത്തിയ ജ്ഞാനനിക്ഷേപം മാസികയുടെ പഠനത്തിൽനിന്ന് ആ മാസികയിലൂടെ സി.എം.എസ്. മിഷനറിമാർ 'ഏ', 'ഓ' എന്നീ ലിപികളുടെ കാര്യത്തിൽ നടപ്പിലാക്കിയ ക്രമാനുഗതമായ ലിപി പരിഷ്കരണ ശ്രമങ്ങൾ വ്യക്തമാവുന്നുണ്ട്.

## മറ്റു സി.എം.എസ്. പുസ്തകങ്ങൾ (1850 മുതൽ)

സി.എം.എസ്. പ്രസ്സിൽനിന്ന് പുറത്തിറങ്ങിയ ക്രൈസ്തവ മതപ്രചാരണ ട്രാക്ടുകളിലും തുടർന്ന് ജ്ഞാനനിക്ഷേപം മാസികയിലും സി.എം.എസ്. മിഷനറിമാർ ഈ പരിഷ്കാരം പതുക്കെ നടപ്പിലാക്കാൻ ശ്രമിക്കുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ ഇതിനോടകം കണ്ടുകഴിഞ്ഞു. 1850-ന് ശേഷം പതുക്കെ മറ്റു പുസ്തകങ്ങളിലേക്കും ഈ പരിഷ്കാരം വ്യാപിക്കുന്നത് കാണാം. ഇതിനൊരു ഉദാഹരണമാണ് 1853-ൽ പ്രസിദ്ധീകരിച്ച റവ: ജോസഫ് പീറ്റിന്റെ തന്നെ *ഭൂമിശാസ്ത്രം* (1853). ഈ പുസ്തകത്തിൽ ഇന്നത്തെ രീതിയിലുള്ള 'ഏ', 'ഓ' ലിപികളുടെയും ഉപലിപികളുടേയും ഉപയോഗം കാണാം. റവ: ജോസഫ് പീറ്റിന്റെ തന്നെ *ജ്ഞാനദീപസൂചകം* (1856), *ഹൽമോനി എന്നും കോരുണ എന്നും പേരായ രണ്ട സ്ത്രീകളുടെ കഥ* (1858) എന്നീ പുസ്തകങ്ങളും, 'ഏ', 'ഓ' ലിപികളുടേയും ഉപലിപികളുടേയും പ്രയോഗത്തിന്റെ തുടർന്നുള്ള ഉദാഹരണങ്ങളാണ്. മതാധിഷ്ഠിതമോ അല്ലാത്തതോ ആയ ഈ ആദികാല ഉപയോഗങ്ങളിലെല്ലാം റവ: ജോസഫ് പീറ്റിന്റെ സാന്നിദ്ധ്യം ദൃശ്യമാണ്.

എന്നാൽ ബൈബിൾ പോലുള്ള ചില പ്രധാന പുസ്തകങ്ങളിൽ ഈ രൂപങ്ങളുടെ ഉപയോഗം താമസിച്ചാണ് തുടങ്ങിയത്. 1846 തൊട്ട് സി.എം.എസ്. പ്രസ്സ് 'ഏ', 'ഓ' ലിപികളും ഉപലിപികളും വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങിയെങ്കിലും അതിന് ശേഷം 1870-കൾ വരെയെങ്കിലും ഇടയ്ക്ക് ചില

പുസ്തകങ്ങളിൽ പഴയ രീതിയിലുള്ള 'എ', 'ഒ' ലിപികളുടെ ഉപയോഗം കാണാം. ഇത് പ്രസ്തുത പുസ്തകം അച്ചടിക്കുന്നവരുടെ ആവശ്യപ്രകാരം ആയിരിക്കാം. ഉദാഹരണത്തിന് (*കുറുബാനക്രമം* 1872) കാണുക.

### റവ: ജോസഫ് പീറ്റിന്റെ വ്യാകരണ പുസ്തകത്തിന്റെ രണ്ടാം പതിപ്പ്

'ഏ', 'ഓ' ലിപികളും ഉപലിപികളും ഉപയോഗിക്കാനുള്ള നിർദ്ദേശം മുന്നോട്ടുവയ്ക്കുന്ന പീറ്റിന്റെ 1841-ലെ *മലയാള വ്യാകരണ പുസ്തകത്തിന്* 1860-ൽ രണ്ടാം പതിപ്പ് പുറത്തിറങ്ങിയിട്ടുണ്ട്. 1850-കളുടെ അവസാനം ആയപ്പൊഴേക്കും സി.എം.എസ്. പ്രസ്സ് വ്യാപകമായി 'ഏ', 'ഓ' ലിപികളും ഉപലിപികളും ഉപയോഗിക്കാൻ തുടങ്ങിയെന്ന് നമ്മൾ ഇതിനോടകം കണ്ടല്ലോ. ഒന്നാം പതിപ്പിൽ 'ഏ', 'ഓ' ലിപികളും ഉപലിപികളും നിർദ്ദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെങ്കിൽ, ഏകദേശം 20 വർഷത്തിന് ശേഷം അതിന്റെ ഉപയോഗം പൂർണതോതിലെത്തിയെന്ന് രണ്ടാം പതിപ്പിൽ നിന്ന് വ്യക്തമാകും. പുസ്തകത്തിന്റെ ആരംഭത്തിൽ നൽകിയിരിക്കുന്ന അക്ഷരമാലയിൽത്തന്നെ 'ഏ', 'ഓ' ലിപികളും ഉപലിപികളും മറ്റു ലിപികളെപ്പോലെ തന്നെ ഉൾപ്പെടുത്തിയിരിക്കുകയും അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നത് കാണാം.


എ...... like *e* in *end.*
ഏ...... like *ey* in *they.*
ഐ.... as *ai* in *aisle.*
ഒ........ like our short *o* in *odd.*
ഓ...... like long *o* in *ode.*

പീറ്റിന്റെ വ്യാകരണപുസ്തകത്തിന്റെ രണ്ടാം പതിപ്പിൽ അക്ഷരമാലയിൽ ഏ, ഓ ലിപികൾ ഉൾപ്പെടുത്തിയിരിക്കുന്നു (Peet 1860, 3)


| | | |
|---|---|---|
| എ, | െ— | This substitute for എ called *pulli,* is prefixed to consonants, & pronounced short; thus മെത്ത *bed.* |
| | | ഐ is an improper diphthong. It is compounded of അ & ഇ: thus തഥൈതി from തഥ & ഇതി: തിരഞ്ഞെടുത്തു from തിരഞ്ഞ & എടുത്തു. |
| ഏ, | േ—, | This mark is prefixed to consonants & pronounced long; thus ചേതം, *loss.* |

പീറ്റിന്റെ *വ്യാകരണപുസ്തകത്തിന്റെ* രണ്ടാം പതിപ്പിൽ 'േ' ഉപലിപി പരിചയപ്പെടുത്തുന്നു (Peet 1860, 8)

| | | |
|---|---|---|
| ഒ, | ൊ—ാ, | Placed before & after the consonant; thus കൊമ്പ *branch*. ഒ is a compound of അ & ഉ: as പരൊപകാരം from പര & ഉപകാരം. |
| ഓ, | ോ—ാ | Thus കോപം *wrath*. |

പീറ്റിന്റെ *വ്യാകരണപുസ്തകത്തിന്റെ* രണ്ടാം പതിപ്പിൽ 'ോ' ഉപലിപി പരിചയപ്പെടുത്തുന്നു (Peet 1860, 8)

ആദ്യപതിപ്പിൽനിന്ന് വ്യത്യസ്തമായി പുസ്തകത്തിൽ എല്ലായിടത്തുംതന്നെ 'ഏ', 'ഓ', ലിപികളും ഉപലിപികളും ഉപയോഗിക്കുന്നു.

ഇരിക്കേണ്ടുന്നതാകുന്നു from ഇരിക്കേണ്ടുന്ന and അതാകുന്നു. കോതമ്പപ്പം from കോതമ്പ, and അപ്പം.

പീറ്റിന്റെ *വ്യാകരണപുസ്തകത്തിന്റെ* രണ്ടാം പതിപ്പിൽ ഉള്ളടക്കത്തിൽ 'േ', 'ോ' ഉപലിപികൾ ഉപയോഗിക്കുന്നതിന്റെ ഉദാഹരണം (Peet 1860, 14)

ഏത and ഏവ, *which*; ഏവൻ, ഏവൾ and ഏവർ, *who, which* man, &c. are declined like the Personal Pronoun അവൻ, &c.

പീറ്റിന്റെ *വ്യാകരണപുസ്തകത്തിന്റെ* രണ്ടാം പതിപ്പിൽ ഉള്ളടക്കത്തിൽ 'ഏ' ലിപി ഉപയോഗിക്കുന്നതിന്റെ ഉദാഹരണം (Peet 1860, 49)

ഓരോരുത്തൻ, ഓരോരുത്തി, ഓരോന്ന; *Each, one by one.*

**80.** Our words *whoever* and *whatever* are formed by the help of ഒരു

പീറ്റിന്റെ *വ്യാകരണപുസ്തകത്തിന്റെ* രണ്ടാം പതിപ്പിൽ ഉള്ളടക്കത്തിൽ 'ഓ' ലിപി ഉപയോഗിക്കുന്നതിന്റെ ഉദാഹരണം (Peet 1860, 56)

### സി.എം.എസ്. ഇതര പ്രസ്സുകൾ (1851 മുതൽ)

ഇതുവരെ ചർച്ച ചെയ്തതിൽനിന്ന് കോട്ടയം സി.എം.എസ്. പ്രസ്സിൽനിന്നുള്ള പ്രസിദ്ധീകരണങ്ങളിലൂടെയാണ് 'ഏ', 'ഓ' ലിപികളും ഉപലിപികളും മലയാളം അച്ചടിയിലേക്ക് കടന്നുവന്നതെന്ന് വ്യക്തമാണല്ലോ. ഇനി ഈ പരിഷ്കരണം മലയാളത്തിലെ മറ്റ് ആദ്യകാല പ്രസ്സുകൾ എപ്പോൾ സ്വീകരിച്ചു

എന്ന് നോക്കാം. ഇതിനായി മലയാളം അച്ചടി ആരംഭിച്ചതിന് ശേഷം ഏകദേശം 1890–കൾ വരെ വിവിധപ്രസ്സുകളിൽനിന്ന് ഇറങ്ങിയ നിരവധി ആദ്യകാല മലയാള പുസ്തകങ്ങൾ ഞങ്ങൾ പരിശോധിച്ചു.

സി.എം.എസ്. അല്ലാത്ത ഒരു പ്രസ്സിൽനിന്നുള്ള ഏതെങ്കിലും ഒരു പ്രസിദ്ധീകരണത്തിൽ 'ഏ', 'ഓ' എന്നീ ദീർഘസ്വരലിപികളും ഉപലിപികളും ആദ്യമായി ഉപയോഗിച്ചു കാണുന്നത്, തലശ്ശേരിയിലെ ലിത്തോഗ്രഫി പ്രസ്സിൽനിന്ന് പുറത്തിറങ്ങിയ 1851–ലെ *മലയാള ഭാഷാവ്യാകരണത്തിൽ* ആണ്.



തലശ്ശേരി ബാസൽ മിഷൻ പ്രസ്സിലെ ലിത്തോഗ്രഫി അച്ചടിയിൽ 'േ', 'ോ' ഉപലിപികളുടെ പ്രയോഗം (ഗുണ്ടർട്ട് 1851, 20)

ഇത് പക്ഷേ അച്ച് ഉപയോഗിച്ചുള്ള അച്ചടിയല്ല, മറിച്ച് ലിത്തോഗ്രഫി എന്ന സങ്കേതത്തിലൂടെ കൈയെഴുത്ത് അച്ചടിച്ചതായിരുന്നു. അതിനാൽ എഴുത്തുകാർക്ക് അവർ ഉദ്ദേശിക്കുന്ന രൂപങ്ങൾ അതുപോലെതന്നെ അച്ചടിക്കാൻ സാധിക്കുമായിരുന്നു. മലയാള ഭാഷാവ്യാകരണം ഒരു വ്യാകരണ പുസ്തകം ആയതിനാൽ അതിന്റെ ലിത്തോഗ്രഫിയിലും മറ്റും ഗുണ്ടർട്ടിന്റെ സൂക്ഷ്മമായ മേൽനോട്ടം ഉണ്ടായിരുന്നിരിക്കണം. എന്നാൽ ഇതിനെ തുടർന്ന് വന്ന മറ്റ് തലശ്ശേരി പുസ്തകങ്ങളിൽ അപൂർവ്വമായി 'ഏ', 'ഓ' ലിപികൾ കാണുന്നുണ്ടെങ്കിലും 'േ', 'ോ' ഉപലിപികളുടെ ഉപയോഗം കണ്ടെത്താൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

സി.എം.എസ്. പ്രസ്സിന് പുറത്ത്, അച്ച് വാർത്തുള്ള അച്ചടിയിൽ 'േ', 'ോ' ഉപലിപികളുടെ പ്രയോഗം ആദ്യമായി കാണുന്നത് 1866–ൽ മദ്രാസിലെ Foster Press–ൽ അച്ചടിച്ച് പ്രസിദ്ധീകരിച്ച The Madras University Calendar–ൽ ആണ്. ഈ പുസ്തകത്തിൽ 'ഓ' ലിപിയുടെ പ്രയോഗം കാണുന്നില്ലെങ്കിലും അപൂർവ്വമായി 'ഏ' ലിപി ഉപയോഗിക്കുന്നുണ്ട്. അതിനു പുറമേ, 'േ', 'ോ' ഉപലിപികൾ കൂട്ടതൽ ഉപയോഗിച്ചിട്ടുമുണ്ട്. ("Calendar" 1866). അക്കാലത്ത് മലബാർ ജില്ലയുടെ സ്കൂൾ ഇൻസ്പെക്ടറും മദ്രാസ് യൂണിവേഴ്സിറ്റിയിൽ മലയാളത്തിന്റെ എക്സാമിനറും ആയിരുന്ന ലിസ്റ്റൻ ഗാർത്തുവേറ്റ് ആണ് മദ്രാസിലെ ഈ മലയാള അച്ച് നിർമ്മാണത്തിലും ഈ പുസ്തകത്തിലെ മലയാള ഉള്ളടക്കത്തിന്റെ പ്രസിദ്ധീകരണത്തിലും നിർണ്ണായകമായ പങ്കുവഹിച്ചത് എന്ന് ഞങ്ങൾ കരുതുന്നു.


ലന്നായർ ഒഴികെയുള്ള കാൎയ്യകാരന്മാർ ഫ ഫ പേരും എ
ടത്തു_കൊണ്ണിൽ പടഏററു – എടത്തകൊൺ പട ഒഴി
ച്ചുപോന്ന വലത്ത കൊണ്ണിന്ന പടനടന്നു മലയാളം
വിട്ടു പരദേശത്തുചെന്നു പോക്കളം ഉറപ്പിച്ചുമാററാ

The Madras University Calendar-ൽ 'േ', 'ോ' ഉപലിപികളുടെ പ്രയോഗം ("Calendar" 1866. page lxxxiv)

ഇതിനുശേഷം ഈ ലിപികളും ഉപലിപികളും കാണുന്നത് ബാസൽ മിഷൻ മംഗലാപുരത്ത് മലയാളം ലെറ്റർ പ്രസ്സ് അച്ചടി ആരംഭിച്ചതോടെ ആണ്. ബാസൽ മിഷന്റെ അച്ചടിയുടെ ചില ആദ്യകാല ഉദാഹരണങ്ങൾക്ക് പിന്നിലും ഗാർത്തുവേറ്റിന്റെ സാന്നിദ്ധ്യം ശ്രദ്ധിക്കാവുന്നതാണ്. ഉദാഹരണങ്ങൾ, *മലയാള വ്യാകരണ ചോദ്യോത്തരം (ഗുണ്ടർട്ട് & ഗാർത്തുവേറ്റ് 1867), ചാണക്യസൂത്രം അല്ലെക്കിൽ മുദ്രാരാക്ഷസം* (ഗാർത്തുവേറ്റ് 1868). ആ കാലഘട്ടത്തിൽ തന്നെ ഇറങ്ങിയ *നളചരിതസാര ശോധന* (ഗുണ്ടർട്ട് 1867) പോലുള്ള മറ്റു ബാസൽ മിഷൻ പുസ്തകങ്ങളിലും ഈ ലിപികളുടേയും ഉപലിപികളുടേയും ഉപയോഗം കാണാം.


ഗുരു. വിരോധം ഏതും ഇല്ല. സകലത്തെയും ശോ
ധന ചെയ്വിൻ; നല്ലതിനെ മുറുക പിടിപ്പിൻ,
എന്ന ഒരു ന്യായം ഞങ്ങൾക്കുണ്ടു. പുസ്തകങ്ങ
ളിൽസാരം അധികം കാണുകകൊണ്ടു, അധി
കം വായിക്കുന്നുണ്ടു. സമയം ഉള്ളപ്പൊൾ നി
ങ്ങളുടെ ഗ്രന്ഥങ്ങളിലും സാരമായുള്ളതിനെ എ
ടുത്തു, പിടിപ്പാൻ മനസ്സുണ്ടു.
നായർ. എന്നൊടു പരമാൎത്ഥം പോലെ പറയെണം.
ഇങ്ങെവേദശാസ്ത്രപുരാണങ്ങളിൽ സാരമധി

*നളചരിതസാരശോധനയിൽ* 'ഏ', 'ഓ' ലിപികളുടേയും ഉപലിപികളുടേയും ഉപയോഗം (ഗുണ്ടർട്ട് 1867, പേജ് 3)

ചുരുക്കത്തിൽ, മംഗലാപുരത്തുനിന്ന് പ്രസിദ്ധീകരിച്ച മലയാളപുസ്തകങ്ങൾ പരിശോധിച്ചതിൽനിന്ന് ബാസൽ മിഷൻ 1867 തൊട്ട് വ്യാപകമായി 'ഏ', 'ഓ' ലിപികളും ഉപലിപികളും ഉപയോഗിക്കാൻ ആരംഭിച്ചതായി കാണാം.

1870-കളോടെ മിഷണറികളുടേതല്ലാത്ത സ്വദേശി പ്രസുകളും ഈ പരിഷ്കാരം സ്വീകരിക്കാൻ ആരംഭിക്കുന്നുണ്ട്. എങ്കിലും ഈ പുതുലിപികൾ വായനക്കാർക്ക് അത്ര പരിചയമില്ലായിരുന്നു എന്ന

തുകൊണ്ട് വായനാസഹായത്തിനായി കുറിപ്പുകൾ കൂടി നൽകിയിരുന്നു. 1877–ലെ തലശ്ശേരി വിദ്യാർത്ഥിസന്താനം പ്രസ്സിൽ അച്ചടിച്ച കല്ലാടി തയ്യൻ രാമുണ്ണിയുടെ *മലയാളവും ഇംഗ്ലീഷുമുള്ള വാക്കുപുസ്തകത്തിലെ* കുറിപ്പ് താഴെക്കാണുക:


3 ഈ െ പുള്ളി പ്രത്യേകിച്ച് ഇംഗ്ലീഷശബ്ദങ്ങളിൽ ഹ്രസ്വിച്ചും -ഉം- പെൻ- റെഡി- ഈ േ പുള്ളി ദീർഘിച്ചും-ഉം- ബേച്ചിലർ- ഡോട്ടർ- എന്നപോലെശബ്ദിക്കേണ്ടതാകുന്നു.

കല്ലാടി തയ്യൻ രാമുണ്ണിയുടെ *മലയാളവും ഇംഗ്ലീഷുമുള്ള വാക്കുപുസ്തകത്തിൽ* 'േ', 'ോ' ഉപലിപികളെ പരിചയപ്പെടുത്തുന്നു (രാമുണ്ണി 1877, iii)

1890 മാർച്ച് 22–ന് പ്രസിദ്ധീകരണമാരംഭിച്ച മലയാള മനോരമയുടെ പേരിൽ തന്നെ 'േ' 'ോ' ഉപലിപികളുടെ ഉപയോഗം കാണാം.

പക്ഷേ, ചില സ്വദേശി പ്രസ്സുകൾ 1880–കളുടെ അവസാനംപോലും ഈ മാറ്റത്തിന് തയ്യാറായിട്ടില്ല എന്നതിന്റെ ഉദാഹരണങ്ങളും ലഭ്യമാണ്. മലയാളത്തിലെ ലക്ഷണമൊത്ത ആദ്യത്തെ നോവലായി കരുതുന്ന ഒ. ചന്തുമേനോന്റെ *ഇന്ദുലേഖയുടെ* ഒന്നാം പതിപ്പിൽ ഇവ ഉപയോഗിച്ച് കാണുന്നില്ല. ഈ വിഷയത്തെപ്പറ്റി വിശദമായി *ഇന്ദുലേഖയുടെ* ഒന്നാം പതിപ്പ് പുനഃപ്രസിദ്ധീകരിച്ചതിൽ (മനോരമ ബുക്സ്) *ചന്ദ്രക്കലയില്ലാത്ത ഇന്ദുലേഖ* എന്ന പേരിൽ എ.കെ. രവീന്ദ്രൻ എഴുതിയ പഠനം വായിക്കുക (2019, 78).

അച്ചടിയിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ 'ഏ', 'ഓ' കാരലിപികൾ സംബന്ധമായ പരിഷ്കരണം പൂർത്തിയായെങ്കിലും പലരുടേയും കൈയെഴുത്തിൽ ഇതിന്റെ സ്വീകാര്യത പിന്നെയും സമയമെടുത്താണ് സംഭവിക്കുന്നത്. ഉദാഹരണത്തിന് 1920–കളിൽ ശ്രീനാരായണഗുരുവിന്റെ കൈപ്പടയിൽ എഴുതിയ ഈ കുറിപ്പ് കാണുക.



ശ്രീനാരായണഗുരുവിന്റെ കൈപ്പട (ശ്രീനാരായണ 1953. ടൈറ്റിൽ പേജിലെ ചിത്രം)

എന്നാൽ 'േ', 'ോ' ഉപലിപികൾ കൈയെഴുത്തിലേക്ക് വന്നപ്പോഴാകട്ടെ, 'െ' ഉപലിപിയെ പ്രദക്ഷിണദിശയിൽ എഴുതി ഒടുവിൽ ഒരു ലൂപ്പിട്ട് ദീർഘമാക്കുന്ന രീതിയാണ് ചിലരെങ്കിലും സ്വീകരിച്ചത്. തമിഴിലെ ഈകാരാക്ഷര ഉപലിപിയുടെ (ீ) നിർമ്മിതിയും ഇങ്ങനെയാണല്ലോ. അതുകൊണ്ട് ഇന്നത്തെ 'േ' ഉപലിപി ഏകദേശം 90 ഡിഗ്രി ചെരിഞ്ഞ് 'വീണുകിടക്കുന്ന' രൂപമാണ് അത്തരം എഴുത്തിൽ പ്രയോഗത്തിലായത്. വട്ടെഴുത്തിലെ 'എ' ലിപിയുടെ രൂപവും ഇതുതന്നെ.



1927-ലെ ഒരു ആധാരം എഴുത്തിലെ 'പേ'

**അക്ഷരപഠനത്തിനുള്ള പാഠപുസ്തകങ്ങളിൽ**

ഇന്ന് ലഭ്യമായ അക്ഷരപഠനത്തിനുള്ള എറ്റവും പഴയ പാഠപുസ്തകമായ *പാഠാരംഭത്തിൽ* (ഗുണ്ടർട്ട് 1851, പേജ് 4) ഏ-ഓകാരങ്ങളുടെ ദീർഘലിപികൾ 'ദ്രാവിഡസ്വരങ്ങൾ' എന്ന വിഭാഗത്തിൽ പരിചയപ്പെടുത്തുന്നുണ്ടെങ്കിലും അവയുടെ ഉപലിപികൾ അതിൽ ഉൾപ്പെടുത്തിയിട്ടില്ല. പിൽക്കാലത്ത് പ്രസിദ്ധീകരിച്ച കേരളവർമ്മയുടെ *ഒന്നാം പാഠ(1870)*ത്തിലാകട്ടെ 'ഏ', 'ഓ' ദീർഘലിപികളോ ഉപലിപികളോ ഇല്ല എന്ന് ഈ പാഠപുസ്തകത്തെക്കുറിച്ചെഴുതുമ്പോൾ വി. ഗംഗാധരൻ നായർ പറയുന്നു:

> ഒന്നാംപാഠമാരംഭിക്കുന്നത് അക്ഷരങ്ങൾ പരിചയപ്പെടുത്തിക്കൊണ്ടാണ്. തുടർന്ന് പദങ്ങൾ, വാക്യങ്ങൾ, എന്ന രീതിയാണ് രചനയിൽ അവലംബിച്ചിരിക്കുന്നത്. "അക്ഷരമാല" എന്നതിനുപകരം "പദലത" എന്ന ശീർഷകമാണ് ചേർത്തിരിക്കുന്നത്. സ്വരങ്ങളിൽ "ഏ", "ഓ" എന്നീ ദീർഘരൂപങ്ങൾ ഇല്ല (ഗംഗാധരൻ 1981, 64).

1870-ൽ ലിസ്റ്റൻ ഗാർത്തുവേറ്റ് പ്രസിദ്ധീകരിച്ച *ഒന്നാം പാഠപുസ്തകത്തിൽ* 'ഏ', 'ഓ' ലിപികളും ഉപലിപികളും പരിചയപ്പെടുത്തുന്നത് കാണാം. അതിന്റെ അടുത്ത വർഷം ഗാർത്തുവേറ്റിന്റെ നേതൃത്വത്തിൽ *വലിയ പാഠാരംഭം* (1871) എന്ന തലക്കെട്ടിൽ ഗുണ്ടർട്ടിന്റെ *പാഠാരംഭം* (1851) പുനഃപ്രസിദ്ധീകരിച്ചതിലും 'ഏ', 'ഓ' ലിപികളും ഉപലിപികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ചുരുക്കത്തിൽ, പീറ്റിന്റെ നേതൃത്വത്തിൽ 1840-കളുടെ തുടക്കത്തിൽ സി.എം.എസ്. പ്രസ്സിൽ ആരംഭിച്ച ഈ ലിപി പരിഷ്കരണം 1870-കളുടെ തുടക്കത്തിൽ ഗാർത്തുവേറ്റാണ് കുട്ടികളുടെ പാഠ്യപദ്ധതിയിലേക്ക് എത്തിക്കുന്നത്.

## ഉപസംഹാരം

താഴെ പറയുന്നവയാണ് ഈ പ്രബന്ധത്തിൽ മുഖ്യമായും വിശദീകരിച്ചത്:

- 'ഏ', 'ഓ' ലിപികളും ഉപലിപികളും 1840–കളുടെ തുടക്കത്തിലാണ് മലയാളമച്ചടിയിൽ സജീവമായി ഉപയോഗിക്കാൻ ആരംഭിക്കുന്നത്.
- 'േ', 'ോ' ഉപലിപികൾ തമിഴിൽനിന്ന് മലയാളം കൈക്കൊണ്ടതാണ്.
- 'ഏ', 'ഓ' ലിപികളും ഉപലിപികളും മലയാളം അച്ചടിയിലേക്ക് കൊണ്ടുവരുന്നത് സി.എം.എസ്. മിഷനറി ആയിരുന്ന റവ: ജോസഫ് പീറ്റ് ആണ്.
- 1840–ന് മുമ്പുതന്നെ കൈയെഴുത്തിലും അച്ചടിയിലും അപൂർവമായി 'ഏ', 'ഓ' ലിപികൾ ഉപയോഗിച്ചിരുന്നതായി കാണുന്നുണ്ട്.
- റവ: ജോസഫ് പീറ്റിന്റെ നേതൃത്വത്തിൽ 1840–കളുടെ തുടക്കത്തിൽ സി.എം.എസ്. പ്രസ്സിൽ ആരംഭിച്ച ഈ ലിപി പരിഷ്കരണം 1870–കളുടെ തുടക്കത്തിൽ ലിസ്റ്റൻ ഗാർത്തുവേറ്റ് പാഠ്യപദ്ധതിയിലേക്ക് എത്തിച്ചു.

'ഏ', 'ഓ' എന്നീ ദീർഘ സ്വര ലിപികളും ഉപലിപികളും മലയാളമച്ചടിയിൽ ആദ്യമായി അവതരിപ്പിച്ച റവ: ജോസഫ് പീറ്റിന്റെ 1841–ലെ വ്യാകരണപുസ്തകത്തിനുശേഷം ഏകദേശം 1845 വരെയുള്ള സി.എം.എസ്. പ്രസ്സിൽ നിന്നുള്ള പുസ്തകങ്ങൾ വളരെ കുറച്ചെണ്ണം മാത്രമാണ് ഇതുവരെ കണ്ടെടുത്ത് ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ കാലഘട്ടത്തിൽ സി.എം.എസ്. പ്രസ്സിൽ നിന്നിറങ്ങിയ കൂടുതൽ പുസ്തകങ്ങൾ കണ്ടെടുക്കാനായാൽ പ്രബന്ധത്തിൽ ചർച്ച ചെയ്ത വിഷയങ്ങൾക്ക് കുറേക്കൂടി വ്യക്തത വരും എന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു. അതുപോലെ റവ: ജോസഫ് പീറ്റ് ഈ വിഷയവുമായി ബന്ധപ്പെട്ട് നടത്തിയിരിക്കാവുന്ന സംവാദങ്ങളുടെ രേഖകൾ കണ്ടെടുത്ത് പഠിക്കാനായാൽ ബന്ധപ്പെട്ട ഗവേഷണങ്ങൾക്ക് വളരെ സഹായകരമായിരിക്കും.

## നന്ദി

ഈ പ്രബന്ധത്തിന്റെ പ്രാരംഭ ജോലികൾ ആരംഭിച്ചത് 2012–2014 കാലഘട്ടത്തിൽ 'ചന്ദ്രക്കല: ഉത്ഭവവും പ്രയോഗവും' എന്ന ഞങ്ങളുടെ ആദ്യത്തെ പ്രബന്ധം എഴുതുന്ന സമയത്താണ്. അന്നുമുതൽ ഇതുമായി ബന്ധപ്പെട്ട നിരവധി വിഷയങ്ങൾ ഞങ്ങൾ ഡോ. ബാബു ചെറിയാനുമായി ചർച്ച ചെയ്തിട്ടുണ്ട്. ഇപ്പോൾ ഈ പ്രബന്ധം പ്രസിദ്ധീകരിക്കുന്ന സമയംവരെ അദ്ദേഹം ഈ വിഷയത്തിൽ ഞങ്ങൾക്ക് തന്ന ഉപദേശങ്ങളെ നന്ദിയോടെ സ്മരിക്കുന്നു.

ഈ പ്രബന്ധം പീർ റിവ്യൂ ചെയ്ത് അഭിപ്രായങ്ങൾ തന്ന ഡോ. രവിശങ്കർ നായരോടും, പ്രബന്ധവുമായി ബന്ധപ്പെട്ട ചില തെളിവുകൾ ശേഖരിക്കാൻ സഹായിച്ച കെ. ആര്യയോടും ഉള്ള നന്ദി ഞങ്ങൾ രേഖപ്പെടുത്തുന്നു.

## സഹായകരചനകൾ

ആട്ടേൽ, എമ്മാനുവൽ. 2002. പ്രാചീന മലയാള ലിപിമാല പാഠവും പഠനവും.

ബാബു ചെറിയാൻ & ജേക്കബ് ഐസക്ക് കാളിമഠം. 2002. ജ്ഞാനനിക്ഷേപം പാഠവും പഠനവും. പ്രഭാത് ബുക്ക് ഹൗസ്

ബാബു ചെറിയാൻ. 2009. ബെഞ്ചമിൻ ബെയിലി, ജീവചരിത്രം പഠനം

ബെയിലി, ബെഞ്ചമിൻ. 1824. ചെറു പൈതങ്ങൾക്ക ഉപകാരാൎത്ഥം ഇംക്ലീശിൽനിന്ന പരിഭാഷപ്പെടുത്തിയ കഥകൾ. സി.എം.എസ്. പ്രസ്സ്. കോട്ടയം

ബെയിലി, ബെഞ്ചമിൻ. 1846. Dictionary, Malayalim and English, സി.എം.എസ്. പ്രസ്സ്, കോട്ടയം

"കുറുബാനക്രമം". 1872, യാക്കോബ ശ്ലീഹായുടെ കുറുബാനക്രമം. സി.എം.എസ്. പ്രസ്സ്, കോട്ടയം.

കേരളവർമ്മ. 1870. ഒന്നാം പാഠം.

ഗാർത്ത്വേറ്റ്, ലിസ്റ്റൻ. 1868. ചാണക്യസൂത്രം അല്ലെങ്കിൽ മുദ്രാരാക്ഷസം, ബാസൽ മിഷൻ പ്രസ്. മംഗലാപുരം.

ഗാർത്ത്വേറ്റ്, ലിസ്റ്റൻ. 1870. ഒന്നാം പാഠപുസ്തകം, ബാസൽ മിഷൻ പ്രസ്. മംഗലാപുരം.

ഗുണ്ടർട്ട്, ഹെർമ്മൻ. 1871. വലിയ പാഠാരംഭം, ബാസൽ മിഷൻ പ്രസ്. മംഗലാപുരം

ഗുണ്ടർട്ട്, ഹെർമ്മൻ. 1840s വ്യാ. മലയാളം വ്യാകരണം. കൈയെഴുത്ത് പ്രതി

ഗുണ്ടർട്ട്, ഹെർമ്മൻ. 1840s കേ. കേരളനാടകം. കൈയെഴുത്ത് പ്രതി

ഗുണ്ടർട്ട്, ഹെർമ്മൻ. 1851 വ്യാ. മലയാളഭാഷാ വ്യാകരണം. ബാസൽ മിഷൻ പ്രസ്സ്, തലശ്ശേരി

ഗുണ്ടർട്ട്, ഹെർമ്മൻ. 1851 പാ. പാഠാരംഭം, ബാസൽ മിഷൻ പ്രസ്സ്, തലശ്ശേരി

ഗുണ്ടർട്ട്, ഹെർമ്മൻ. 1867. നളചരിതസാരശോധന. ബാസൽ മിഷൻ പ്രസ്. മംഗലാപുരം

ഗുണ്ടർട്ട്, ഹെർമ്മൻ & ഗാർത്ത്വേറ്റ്, ലിസ്റ്റൻ. 1867. മലയാള വ്യാകരണ ചോദ്യോത്തരം. ബാസൽ മിഷൻ പ്രസ്. മംഗലാപുരം

ഗംഗാധരൻ, നായർ വി. 1981. മലയാളഗദ്യത്തിന്റെ വികാസത്തിന് കേരളവർമ്മയുടെ സംഭാവന. Chapter 3, പേജ് 64.

ചന്തുമേനോൻ, ഒ. 2019 ഡിസംബർ. ഇന്ദുലേഖ ഒന്നാം പതിപ്പ്. നാലാം എഡിഷൻ. മനോരമ ബുക്സ്

"ജ്ഞാനനിക്ഷേപം". 1848. വൃശ്ചികം 1. ഒന്നാം ലക്കം, സി.എം.എസ്. പ്രസ്സ്. കോട്ടയം.

തോമസ് ജേക്കബ്. 2019. നവംബർ 30. കഥക്കൂട്ട്, ഇന്ദുലേഖ. മലയാള മനോരമ ആഴ്ചപ്പതിപ്പ്. പുസ്തകം 64, ലക്കം 48, പേജ് 9

പീറ്റ്, ജോസഫ്. 1841. A Grammar of the Malayalim Language, First Edition, സി.എം.എസ്. പ്രസ്സ്, കോട്ടയം

പീറ്റ്, ജോസഫ്. 1853. ഭൂമിശാസ്ത്രം, സി.എം.എസ്. പ്രസ്സ്, കോട്ടയം.

പീറ്റ്, ജോസഫ്. 1856. ജ്ഞാനദീപസൂചകം, സി.എം.എസ്. പ്രസ്സ്, കോട്ടയം.

പീറ്റ്, ജോസഫ്. 1858. ഫുൽമോനി എന്നും കോരുണ എന്നും പേരായ രണ്ട സ്ത്രീകളുടെ കഥ, സി.എം.എസ്. പ്രസ്സ്, കോട്ടയം.

പീറ്റ്, ജോസഫ്. 1860. A Grammar of the Malayalim Language, Second Edition, സി.എം.എസ്. പ്രസ്സ്, കോട്ടയം.

"മതവിചാരണ". 1846. സി.എം.എസ്. പ്രസ്സ്, കോട്ടയം.

രവിവർമ്മ, എൽ.എ. 1938. പ്രാചീന കേരള ലിപികൾ, Introduction, പേജ് ii–iii, രണ്ടാം പതിപ്പ്, 1971. കേരള സാഹിത്യ അക്കാദമി.

രവിവർമ്മ, എൽ.എ. 1971. പ്രാചീന കേരള ലിപികൾ

രാമുണ്ണി, കല്ലാടി തയ്യൻ. 1877. മലയാളവും ഇംഗ്ലീഷുമുള്ള വാക്കുപുസ്തകം. വിദ്യാർത്ഥിസന്താനം പ്രസ്സ്. തലശ്ശേരി

വേൾവിക്കുടി ചെപ്പേട്. 769.

"ശ്രീനാരായണ". 1953. ശ്രീനാരായണധർമ്മപരിപാലനയോഗം കനകജൂബിലിസ്മാരകഗ്രന്ഥം. വിജ്ഞാനപോഷിണി പ്രസ്സ്, കൊല്ലം

റീഡ്, ഹെൻറിക്ക് വാൻ. 1673. ഹോർത്തൂസ് മലബാറിക്കുസ്, വാല്യം 4

റീഡ്, ഹെൻറിക്ക് വാൻ. 1682. ഹോർത്തൂസ് മലബാറിക്കുസ്, വാല്യം 3

റീഡ്, ഹെൻറിക്ക് വാൻ. 1685. ഹോർത്തൂസ് മലബാറിക്കുസ്, വാല്യം 5

സ്കറിയ സക്കറിയ. 1989. ചർച്ചയും പൂരണവും. മലയാള സാഹിത്യവും ക്രിസ്ത്യാനികളും. രണ്ടാം പതിപ്പ്, ഡി. സി ബുക്സ് കോട്ടയം.

"സിദ്ധാരൂപം". 1850. സി.എം.എസ്. പ്രസ്സ്, കോട്ടയം

"ഹിതോപദേശഃ". 1847.സി.എം.എസ്. പ്രസ്സ്, കോട്ടയം.

ഹെനരിക്കുഞ്ഞിനെയും അവനെ സൂക്ഷിച്ചവനെയും കുറിച്ച. മാവേലിക്കര ബുക്ക് സൊസൈറ്റി. 1846. സി.എം.എസ്. പ്രസ്സ്, കോട്ടയം (പ്രതി ബ്രിട്ടീഷ് ലൈബ്രറിയിൽ)

Andronov, Mikhail Sergeevich. 1996. A Grammar of the Malayalam Language in Historical Treatment. Germany: Harrassowitz

Beschi, Costantino Giuseppe. 1728. Grammatica Latino-Tamulica

Burnell, Arthur Coke. 1874. Elements of South-Indian Palæography from the Fourth to the Seventeenth Century AD, Basel Mission Press, Mangalore.

"Calendar". 1866. The Madras University Calendar. Foster Press. Madras

Hanxleden, Johann Ernst, 1730. Vocabulario Malavarico, Manuscript

Peani, Clemente. 1772. Alphabetum Grandonico Malabaricum